**പന്ത്രണ്ടാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

## ഏഴാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006–2008)

ഏഴാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 13–ാം തീയതി സഭയിൽ സമർപ്പിച്ചത്)

കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

412/2007.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : | പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 36 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എൻ. അനിരുദ്ധൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി മറിയാമ്മ വർഗ്ഗീസ്, സ്പെഷ്യൽ സെക്രട്ടറി
ശ്രീമതി പി. ജെ. ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2006 നവമ്പർ മാസം 18-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2007 മാർച്ച് 13.

# റിപ്പോർട്ട്

## കാസറഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

## **കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

നോമിനൽ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത

"വരൾച്ച ദുരിതാശ്വാസ പദ്ധതികളോടനുബന്ധിച്ച പ്രവർത്തനങ്ങൾ. പൊതു മരാമത്തു പണികൾ എന്നിവയുടെ ജോലികൾക്ക് കൂലി നൽകാനായി കൺടിജന്റ് ബിൽ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ പിൻവലിക്കുകയും ജോലിക്കാരുടെ പേര്, കൈയ്യൊപ്പ്, തുക കൊടുത്ത തീയതി, ചെലവ് നടത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നീ വിവരങ്ങൾ അടങ്ങിയ "നോമിനൽ മസ്റ്റർ റോൾ" വയ്ക്കാതെ ചെലവെഴുതിയതായി ആഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. പൂർണ്ണ വിവരങ്ങൾ അടങ്ങിയ "നോമിനൽ മസ്റ്റർ റോൾ" സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക ആഡിറ്റിൽ അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ തരത്തിൽ ഉള്ള ആഡിറ്റിൽ കണ്ടുപിടിക്കപ്പെട്ട ക്രമക്കേടിന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു."

കിനാനൂർ-കരിന്തളം പഞ്ചായത്തിലെ 1996-96 വർഷത്തെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എൻ.എം.ആർ. വയ്ക്കാതെ ചെലവഴിച്ച 2,86,712 രൂപയും സാധനങ്ങൾക്കും മറ്റുമായി ചെലവഴിച്ച 14,714 രൂപയും അടക്കം 3,01,453 രൂപ മതിയായ രേഖകൾ ഇല്ലാത്തതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക II.1.9 (I)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 19-11-2004 സി/543/03 നമ്പർ കത്തുപ്രകാരം കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച മറുപടി:—

1. "മേൽ വിഷയം സംബന്ധിച്ച് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. അമ്പാടിക്കുഞ്ഞി (ജൂനിയർ) എന്നിവരെ 12-2-1999, 1—3-1999-ന് ഓഡിറ്റ് പരാമർശങ്ങൾ തുകകൾ ചെലവഴിച്ചത്—തടസ്സത്തിൽ വെക്കൽ എന്നീ നടപടികൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടുന്നതിലേക്ക് ഓഡിറ്റ് ന്യൂനതകൾ സംബന്ധിച്ച ശരിപ്പകർപ്പുകൾ സഹിതം രജിസ്ട്രേഡ് തപാലിൽ അയച്ചിരുന്നു. ആയത് ലഭിച്ചു എന്നതിന് എക്കനോളജ്മെന്റ് കിട്ടിയിരിക്കുന്നു. ആയതിന്റെ പകർപ്പ് അന്നത്തെ ഹെഡ് ക്ളാർക്കായിരുന്ന ശ്രീ. വി. കുഞ്ഞിരാമൻ എന്നവർക്കും നൽകിയിരുന്നു. എന്നാൽ ശ്രീ. അമ്പാടിക്കുഞ്ഞി എന്നവർ യാതൊരു മറുപടിയും സമർപ്പിച്ചതായി കാണുന്നില്ല. ഹെഡ് ക്ളാർക്ക്, മേൽ ക്രമക്കേടുകൾ സംബന്ധിച്ച് ടിയാന് യാതൊരു ബന്ധവും ഇല്ലന്നുള്ള വിവരം അറിയിച്ചിരിക്കുന്നു. രണ്ടു ജീവനക്കാരും പെൻഷൻ പറ്റി പിരിഞ്ഞിരിക്കുന്നു."

2. വരൾച്ച ദുരിതാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് പിൻവലിച്ച തുക മസ്റ്റർ റോൾ ഇല്ലാതെയാണ് ചെലവാക്കിയതെന്നും ഇതു സംബന്ധിച്ച ഫയലുകളോ കൂലി കൊടുത്തതിന്റെ നടപടി ഉത്തരവുകളോ സൂക്ഷിച്ചിട്ടില്ലെന്നും സമിതിക്ക് ബോധ്യമായി. പദ്ധതി നടത്തിപ്പിനായി കണ്ടിജന്റ്ബിൽ പ്രകാരം പിൻവലിച്ച തുക മസ്റ്റർ റോൾ സൂക്ഷിക്കാതെ എങ്ങനെ ചെലവഴിച്ചു എന്ന് സമിതി ആരാഞ്ഞു.

3. അക്കാലയളവിലെ സെക്രട്ടറിയും ഹെഡ് ക്ളാർക്കും റിട്ടയർ ചെയ്തെന്നും ഫയൽ പരിശോധിച്ചിട്ട് ചെലവു സംബന്ധമായ രേഖകൾ ഒന്നും കാണുന്നില്ലെന്നും ബോണ്ടു വച്ചിട്ടാണ് ആനുകൂല്യങ്ങൾ നൽകിയതെന്നും ആഡിറ്റ് പരാമർശത്തിന്റെ വെളിച്ചത്തിൽ ഇവരുടെ ബാദ്ധ്യത ക്ളിപ്തപ്പെടുത്തുകയോ ബാദ്ധ്യതയുണ്ടെന്ന കാര്യം ഭരണ വകുപ്പിനെ അറിയിക്കുകയോ ചെയ്തിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

4. മുമ്പുണ്ടായിരുന്ന സെക്രട്ടറിമാർ ആരും തന്നെ ഓഡിറ്റിന്മേൽ നടപടി സ്വീകരിച്ചിരുന്നില്ലായെന്നും 25-10-2004-നാണ് പ്രസ്തുത ഉദ്യോഗസ്ഥർക്ക് കത്തയച്ചതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

5. ധനവിനിയോഗത്തിലെ കൃത്യതയും, സുതാര്യതയും ഉറപ്പു വരുത്തുന്നതിനായി മസ്റ്റർ റോൾ, കണ്ടിജന്റ് ബില്ല്, എന്നീ രേഖകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. മറിച്ചുള്ള നടപടി ക്രമം ആശാസ്യമല്ലെന്നു സമിതി അഭിപ്രായപ്പെടുന്നു. 1998-ലെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ അഞ്ചു വർഷത്തിനു ശേഷവും യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ലായെന്നത് സമിതി വളരെ ഗൗരവപൂർവ്വം വീക്ഷിക്കുന്നതായും മതിയായ കാരണമില്ലാതെ ഓഡിറ്റ് പരമർശങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

6. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെടുന്ന വ്യക്തികൾക്ക് അടിയന്തിരമായി നോട്ടീസ് നൽകി മറുപടി ലഭ്യമാക്കുവാനും മറുപടി ലഭിച്ചില്ലെങ്കിൽ ഉത്തരവാദികളായവരുടെ ബാദ്ധ്യത നിശ്ചയിച്ച് ബോണ്ട് സംബന്ധമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സർക്കാരിനെ അറിയിച്ച് തുക ഈടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

7. 25-11-2004-ൽ സമിതി നടത്തിയ തെളിവെടുപ്പുവേളയിൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കുവാൻ കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്ത് ഹെഡ്ക്ളാർക്ക് ശ്രീ. വി. ഗണപതിയോടാവശ്യപ്പെട്ടിരുന്നെങ്കിലും തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ഇതുവരെയും ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ ഇതു സംബന്ധിച്ച ടിയാനിൽ നിന്ന് വിശദീകരണം ലഭ്യമാക്കുവാനും പഞ്ചായത്ത് വകുപ്പിനോട് ആവശ്യപ്പെടുന്നു.

8. മസ്റ്റർ റോൾ ഇല്ലാതെ പണം ചെലവാക്കിയ സെക്രട്ടറി ശ്രീ. കെ. അമ്പാടിക്കുഞ്ഞി (ജൂനിയർ) യിൽ നിന്നും പ്രസ്തുത തുക പലിശ സഹിതം ഈടാക്കുവാനും തുക അനുവദിച്ചത് അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അംഗീകാരത്തോടുകൂടിയാണെങ്കിൽ പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും പലിശ സഹിതം തുല്യമായി ഈടാക്കുവാനും ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

## മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

പൊതുമരാമത്തു ജോലികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് വാങ്ങിയ സാധന ങ്ങൾക്കുള്ള അധികവില സംബന്ധിച്ച്

"കൃത്യമായ പ്ളാനും എസ്റ്റിമേറ്റും ഉണ്ടായിരുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് പോലും ആവശ്യത്തിലധികമായി സാമഗ്രികൾ വാങ്ങിയതായും, അധികമായി വാങ്ങിയ സാമഗ്രികളുടെ വിനിയോഗം രേഖപ്പെടുത്താതിരുന്നതായും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം സാമഗ്രികൾ വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല. ഇത്തരത്തിൽ കണ്ടുപിടിക്കപ്പെട്ട ക്രമക്കേടിന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ കൂഞ്ചത്തൂർ-മഹാലിംഗേശ്വർ ടെംപിൾ ഗോരുക്കട്ട ബോളക്കുട എന്ന സ്ഥലത്ത് കൾവർട്ടു നിർമ്മാണത്തിനായി 39,344 രൂപ മുടക്കി 201 ചാക്ക് സിമന്റ് വാങ്ങുകയുണ്ടായി എന്നാൽ 45-ാം നമ്പർ മെഷർമെന്റ് ബുക്കിൽ (അൺ ടൈഡ് 1996-1997) 31-ാം പേജിൽ രേഖപ്പെടുത്തിയ പ്രകാരം 177 ചാക്ക് സിമന്റ് മാത്രമേ ഈ പ്രവൃത്തിയ്ക്ക് വിനിയോഗിച്ചതായി കാണുന്നുള്ളൂ. കൂടുതലായി വന്ന 24 ചാക്ക് സിമന്റിന്റെ വില 4698 രൂപ പഞ്ചായത്തിന് നഷ്ടമാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക II.1.9 II.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16-11-2004-ലെ എ1-1354/04 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി:—

9. "നമ്പർ എ1-813/99 തീയതി 21-6-2001 പ്രകാരം അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ.കെ.ടി.അയ്യപ്പൻ എന്നയാൾക്ക് ഓഡിറ്റ് ഒബ്ജക്ഷൻ നീക്കുന്നതിനായി രജിസ്ട്രേർഡ് തപാലിൽ കത്ത് നല്കിയിരുന്നു. ആയത് ടിയാൻ കൈപ്പറ്റിയതല്ലാതെ യാതൊരുവിധ നടപടിയും സ്വീകരിക്കുകയുണ്ടായില്ല.

10. ബഹുമാനപ്പെട്ട കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മേൽ സൂചന കത്തിന്റെ അടിസ്ഥാനത്തിൽ 10-11-2004-ന് ടി ഉദ്യോഗസ്ഥൻ ഇപ്പോൾ ജോലി ചെയ്യുന്നുവെന്നറിഞ്ഞ മലപ്പുറം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേക്ക് (സൂപ്പർവൈസർ, പെർഫോർമൻസ് ഓഡിറ്റ്) ടി വിഷയം സംബന്ധിച്ച് രജിസ്ട്രേർഡ് കത്ത് നല്കിയിട്ടുള്ളതുമാകുന്നു."

11. ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയുവാനുള്ളതെന്നും ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നല്കുവാൻ ഇത്രയും കാലതാമസം ഉണ്ടായതെന്തു കൊണ്ടാണെന്നും സമിതി ആരാഞ്ഞതിന് 10-5-1999-ലാണ് ഓഡിറ്റ് റിപ്പോർട്ട് കിട്ടിയതെന്നും 3/2004-ലാണ് താൻ ചാർജെടുത്തതെന്നും മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയില്ലാത്തതിനാൽ ജൂനിയർ സൂപ്രണ്ടിന് സെക്രട്ടറിയുടെ ചാർജ്ജാണെന്നും 21-6-2001-ന് അയ്യപ്പൻ എന്നയാളിനു കത്തയച്ച ശേഷം മൂന്നു കത്തുകൾ കൂടി കൊടുത്തുവെന്നും മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ്ജ് തെളിവെടുപ്പുവേളയിൽ സമിതിയെ അറിയിച്ചു.

12. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ടിയാന് കത്തയച്ചതിനുശേഷം എന്ത് നടപടി സ്വീകരിച്ചുവെന്ന് സമിതിയാരാഞ്ഞതിന് മലപ്പുറം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലേക്കാണ് കത്തയച്ചതെന്നും തുടർന്ന് ശ്രീ. അയ്യപ്പൻ 1000 രൂപ മണിയോർഡറായി അയച്ചു തന്നിട്ടുണ്ടെന്നും സെക്രട്ടറി ഇൻ ചാർജ്ജ മറുപടി നല്കി.

13. യഥാവസരം നടപടി സ്വീകരിച്ചിരുന്നെങ്കിൽ സർക്കാരിനു ലഭിക്കുവാനുള്ള തുക നേരത്തേ ലഭിക്കുമായിരുന്നു എന്നും ഓഡിറ്റിന് നടപടി എടുക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമായ ഉദ്യോഗസ്ഥരുടെ അനാസ്ഥ ഇതിൽ വ്യക്തമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശുപാർശകൾ

14. ഓഡിറ്റ് പരാമർശങ്ങളിൽന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അതിനു മേൽനോട്ടം വഹിക്കേണ്ട അസിസ്റ്റന്റ് ഡയറക്ടർമാരും അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നുണ്ടെന്നും ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ ഉദാസീനതയും അലംഭാവവുമാണ് ഇതിന് കാരണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

15. പഞ്ചായത്തിന് 4698 രൂ. നഷ്ടപ്പെടുത്തിയെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ശ്രീ. അയ്യപ്പനിൽ നിന്നും ബാക്കി തുക പലിശ സഹിതം ഈടാക്കുവാനും ടിയാനെതിരെ സാമ്പത്തിക ക്രമക്കേടിന് വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

16. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച വർഷവും തുടർന്നുള്ള കാലയളവിലും നടപടി സ്വീകരിച്ച് നഷ്ടപ്പെട്ട തുക ഈടാക്കേണ്ടിയിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരു വിവരം പഞ്ചായത്ത് ഡയറക്ടർക്കും സമിതിക്കും ലഭ്യമാക്കണമെന്ന സമിതി നിദ്ദേശത്തിന്മേൽ യാതൊരു നടപടിയും നാൾ ഇതുവരെ സ്വീകരിക്കാതിരുന്ന മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ്ജ് ശ്രീ. എം. ജഗനാഥനെതിരെയും നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17. ശ്രീ. അയ്യപ്പനിൽ നിന്നും തുക ഈടാക്കുവാൻ മലപ്പുറം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്കു നിർദ്ദേശം നല്കുന്നതിനും ശ്രീ. അയ്യപ്പനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനുള്ള സമിതി നിർദ്ദേശത്തിന്മേൽ ഭരണ വകുപ്പു സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## **ബെള്ളൂർ ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

ഭൂതാന എസ്. ഡി. കോളനി കിണർ നിർമ്മാണം സിമന്റിന്റെ വിനിയോഗം കാണിക്കാത്തത്

"പ്രസ്തുത പണിക്കു ചെലവായ 45.287 രൂപയിൽ 60 ചാക്കു സിമന്റ് വാങ്ങിയതിന്റെ വിലയായ 10,500 (60 X 175) രൂപ ഉൾപ്പെടുന്നു. എന്നാൽ ബന്ധപ്പെട്ട

പണിയുടെ അളവു പുസ്തകത്തിൽ പണികൾ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ വിവരിക്കും പ്രകാരം ഈ പണിക്ക് 11 ചാക്കു സിമന്റ് മാത്രം ഉപയോഗിച്ചതായി കാണുന്നു.

വാങ്ങിയ 60 ചാക്കിൽ 49 ചാക്കിന്റെ (60-11) വിനിയോഗം ലഭ്യമല്ലാത്തതിനാൽ ഇതിനായി നൽകിയ 8575 രൂപ (49 X 175) നഷ്ടമായി കണക്കാക്കുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 77 (എ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 18-11-2004-ലെ 685/01 നമ്പർ കത്തുപ്രകാരം ബെള്ളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

18. "ഓഡിറ്റ് റിപ്പോർട്ടിൽ നിരസിച്ച ചെയ്ത 8,575.00 രൂപ ചിലവ് ചെയ്തത് 1-4-1998 മുതൽ 23-7-1998 വരെ ബെള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. യു. സദാനന്ദ ആണ്. ബെള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പദത്തിൽ നിന്നും പ്രൊമോഷൻ ലഭിച്ച് 24-7-1998-ന് വിടുതൽ ചെയ്ത് കാസറഗോഡ് ബ്ളോക്ക് പഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടായി ജോലി ചെയ്ത് വരവെ 5-11-1998-ന് ശ്രീ. സദാനന്ദ മരണമടയുകയായിരുന്നു. ശ്രീ. സദാനന്ദന്റെ മരണാനന്തര അവകാശങ്ങൾക്കായി നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് 17-5-2001-ന് ഈ ഓഫീസിൽ നിന്നും നല്കുമ്പോൾ, ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച 8575 രൂപയുടെ ബാധ്യത കൂടി അതിൽ കാണിച്ചിരുന്നു എന്ന് ബോധ്യപ്പെടുത്തികൊള്ളുന്നു."

19. ഓഡിറ്റ് പരാമർശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് സമിതിയാരാഞ്ഞതിന് അന്നത്തെ സെക്രട്ടറി ശ്രീ. യു. സദാനന്ദൻ 5-11-1998-ൽ മരണമടഞ്ഞുവെന്നും അതിനു ശേഷം അദ്ദേഹത്തിന്റെ കുടുംബം ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റിന് അപേക്ഷിച്ചപ്പോൾ ഈ ബാദ്ധ്യതകളെല്ലാം ചേർത്ത് സർട്ടിഫിക്കറ്റ് കൊടുക്കുകയും ടിയാന്റെ ഡി. സി. ആർ. ജി. യിൽ നിന്ന് തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കാസറഗോഡ് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

20. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട 8575 രൂപ 30-9-2004-ലെ 197-ാം നമ്പർ ചെലാൻ പ്രകാരം അടച്ചിട്ടുണ്ടെന്ന് 22-12-2004-ലെ എൽ.എഫ്. 21521/സ്പെ.സെൽ(ജി1)/04 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

21. സമിതിയുടെ തെളിവെടുപ്പിനായി എത്തുന്ന പഞ്ചായത്ത് ഡപ്യൂട്ടി/ അസിസ്റ്റന്റ് ഡയറക്ടർമാർ പലപ്പോഴും കാര്യങ്ങൾ ശരിയായി പഠിക്കാതെയും രേഖകൾ പരിശോധിക്കാതെയുമാണ് സമിതി മുമ്പാകെ ഹാജരാകുന്നതെന്നതിനാൽ ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായി വിവരങ്ങൾ നല്കുന്നതിനോ ശരിയായ നിഗമനങ്ങളിലെത്തുന്നതിനോ സഹായകരമായ നിലപാടു സ്വീകരിക്കുവാൻ കഴിയുന്നില്ലെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ ഒരു ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സമിതിയിൽ കൃത്യമായ മറുപടി നല്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പുതലത്തിൽ പുറപ്പെടുവിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വിനിയോഗിക്കാത്ത മുൻകൂർ പലിശ ഈടാക്കാത്തത്

"22-7-1998-ൽ താഴെ പറയുന്ന പണികൾക്കായി 53297 രൂപ കരാറുകാരന് നൽകിയശേഷം പണി നടത്താതെ 31-3-1999-ലെ രസിതി നമ്പർ 57968/41 പ്രകാരം തിരിച്ചടച്ചതായി കാണുന്നു. പ്രസ്തുത പണികൾക്കാവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയോ കരാറുകാരനുമായി ഉടമ്പടികളിൽ ഏർപ്പെടുകയോ ചെയ്തതായി കാണുന്നില്ല.

| പണിയുടെ വിവരം | തുക |
|---|---|
| കിന്നിംഗാർ പെലത്തുമൂലെ നടപ്പാത നിർമ്മാണം | 21857 |
| മന്നപ്ര റോഡ് പൈപ്പ് കൾവർട്ട് നിർമ്മാണം | 15720 |
| ആകെ | 53297 |

പണി നടത്താത്ത സാഹചര്യം തൃപ്തികരമായി വിശദീകരിക്കുകയോ മുൻകൂറുകളുടെ മേൽ ലഭ്യമാകേണ്ട പലിശ ഈടാക്കുകയോ ചെയ്തിട്ടില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 77 (ബി)]

ഓഡിറ്റ് പരാമർശത്തിന് 18-11-2004-ലെ 685/01 നമ്പർ കത്ത് പ്രകാരം ബെള്ളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

22. ഓഡിറ്റ് പരാമർശത്തിന് വിധേയമായ കാലയളവിലെ സെക്രട്ടറി ശ്രീ. യു. സദാനന്ദ സർവ്വീസിലിരിക്കെ മരണമടയുകയും ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ച 53,297,00 രൂപ കോൺട്രാക്ടർക്ക് കൊടുത്തതായി കണ്ടുപിടിക്കുകയും ചെയ്തതിനെ തുടർന്ന്, പണം കൈപ്പറ്റിയ കോൺട്രാക്ടറിൽ നിന്നും 53,297.00 രൂപ തിരിച്ചടപ്പിക്കുകയും ചെയ്തിരുന്നുവെങ്കിലും കൈപ്പറ്റിയ തീയതി മുതൽ പണം തിരിച്ചടച്ച തീയതിവരെയുള്ള 8 മാസത്തെ പലിശ വസൂലാക്കാൻ വിട്ടുപോയിരുന്നു. 8 മാസത്തേക്ക് 12% പലിശ നിരക്കിൽ 4264.00 രൂപ അടയ്ക്കാൻ കോൺട്രാക്ടറോട് ആവശ്യപ്പെട്ടതിനെ തുടർന്ന് 20-11-2004-ന് 49364/22 രസീറ്റ് നം. പ്രകാരം തുക പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെന്നും ബോധ്യപ്പെടുത്തികൊള്ളുന്നു. പലിശ വസൂലാക്കുന്നതിന് വന്ന കാലതാമസം മാപ്പാക്കണമെന്ന് വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

23. 8 മാസത്തേക്ക് 12% പലിശ നിരക്കിൽ 4264 രൂപ 20-11-2004-ലെ 49364/22 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 22-12-2004-ലെ 21521/സ്പെ.സെൽ(ജി)/05 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

24. പഞ്ചായത്തിൽ നിന്നും മുൻകൂർ നല്കിയ തുക പലിശ സഹിതം തിരികെ ഈടാക്കിയത് മാതൃകാപരമായ നടപടിയാണെന്നും തിരികെ ലഭിക്കാനുള്ള തുക ഈടാക്കുന്നതിൽ മറ്റു പഞ്ചായത്തുകൾ ശുഷ്കാന്തിയോടെ പ്രവർത്തിക്കുന്നതിന് ബെള്ളൂർ പഞ്ചായത്ത് പ്രചോദനമാകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

## പടന്ന ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

ഡിപ്പാർട്ടുമെന്റൽ സപ്ലൈയ്ക്ക് ടെണ്ടർ എക്സസ് നൽകിയത്

"31-3-1999-ൽ തുക നൽകപ്പെട്ട താഴെ പറയുന്ന മരാമത്തു പണികൾക്ക് ആവശ്യമായ ടാർ പഞ്ചായത്തു വാങ്ങി കൺവീനർമാർക്കു നൽകി പണി ചെയ്യിക്കുകയുണ്ടായി. ഈ പണികൾക്കു നൽകേണ്ട തുകയുടെ ബില്ലുകൾ തയ്യാറാക്കിയപ്പോൾ ടാറിന്റെ വിലയും അതിന്മേൽ ടെണ്ടർ എക്സസ് ആയ 30% കൂട്ടി കണക്കാക്കുകയായിരുന്നു. നിയമ പ്രകാരം വകുപ്പിൽ നിന്നും സപ്ളൈ ചെയ്യുന്ന സാധനങ്ങളുടെ വിലകുറച്ച ശേഷമേ ടെണ്ടർ എക്സസ് കണക്കാക്കാൻ പാടുള്ളൂ. ഈ ഇനത്തിൽ തഴെപ്പറയുന്ന പണികൾക്കായി ആകെ 8447 രൂപ അധികച്ചെലവ് വന്നിട്ടുണ്ട്.

| | പണിയുടെ പേര് | അധികം നൽകിയത് |
|---|---|---|
| 1. | ഉദിനൂർ ഹൈസ്കൂൾ റോഡ് മെറ്റലിംഗ് | 5135 |
| 2. | ഉദിനൂർ എ.കെ.ജി. മന്ദിരം-പരത്തിച്ചാൽ റോഡ് അറ്റകുറ്റപ്പണി | 2378 |
| 3. | എടച്ചാക്കൈമണിയനടി റോഡിന്റെ അറ്റകുറ്റപ്പണി | 934 |
| | ആകെ അധികച്ചെലവ് | 8447 |

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 78]

ഓഡിറ്റ് പരാമർശത്തിന് 18-11-2004-ലെ എ 1671/04 നമ്പർ കത്തു പ്രകാരം പടന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

25. "മേൽ സൂചിപ്പിച്ച ഓഡിറ്റ് തടസ്സത്തിന് ഈ ഓഫീസിൽ നിന്ന് 25-10-2002-ന് എ1/392/2001 നമ്പർ കത്ത് പ്രകാരം സെക്രട്ടറി, കാസർഗോഡ് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് വിശദമായ മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 4-3-2003-ലെ LFKSD 741/02 നമ്പർ കത്ത് പ്രകാരം നീക്കിയിരിക്കുന്നതായി അറിയിച്ചിട്ടുണ്ട് എന്ന കാര്യം ബോധിപ്പിക്കുന്നു."

26. പടന്ന ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് തടസം 4-3-2003-ലെ എൽ.എഫ്.കെ.എസ്.ഡി. 741/02 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ടെന്ന് 19-3-2005-ലെ എച്ച്3/37336/04 നമ്പർ കത്ത് മുഖേന പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

27. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു.

## മടിക്കൈ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

റോഡ് പണി ചെലവ് അധികരിച്ചത് (വൗച്ചർ നം. 154/98-99)

"ചാളക്കടവ് ആയുർവേദ ഡിസ്പെൻസറി റോഡ് ടാറിംഗിന് എസ്റ്റിമേറ്റു പ്രകാരം 1,90,000 രൂപയുടെ പണികൾ നടന്നു. ടെണ്ടർ കിഴിവും മറ്റ് പിടിത്തങ്ങളും കഴിഞ്ഞ് 2,29,307 രൂപ നൽകുകയും ചെയ്തു. എസ്റ്റിമേറ്റു തുകയേക്കാൾ കൂടുതലായി അനുവദിച്ച 76,200 (2,66,200-190000) രൂപയുടെ ചെലവ് ആവശ്യമായ നടപടികളുടെ അഭാവത്താൽ തടസപ്പെടുത്തുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 79]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 17-11-2004-ലെ A-1041/04 നമ്പർ കത്തുപ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച മറുപടി:—

28. "പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് അസിസ്റ്റന്റ് എഞ്ചിനീയരും സാങ്കേതികാനുമതി നൽകിയതും പ്രവൃത്തിയുടെ ചെക്ക് മെഷർമെന്റ് ബിൽ സ്ക്രൂട്ടിനി എന്നിവ നടത്തിയത് ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സി. എഞ്ചിനീയരുമാണ്. ഓഡിറ്റ് റിപ്പോർട്ട് ബിൽ നൽകിയ സെക്രട്ടറി ശ്രീമതി എം. വി. മേരിക്ക് അയച്ചുകൊടുക്കുകയും അവർ 19-10-2004-ന് ആയത് കൈപ്പറ്റിയിട്ടും നാളിതുവരെ മറുപടിയൊന്നും സമർപ്പിച്ചിട്ടില്ല. മേൽ വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പഞ്ചായത്ത് തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് യഥാസമയം അംഗീകാരം നൽകാതെ തുക നൽകിയ ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിക്കുന്നതിന് ബന്ധപ്പെട്ടവരോട് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം 12-11-2004-ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം അപേക്ഷിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു."

29. പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരിക്കാതിരുന്നതെന്തുകൊണ്ടാണെന്നും കൂടുതൽ പണി ചെയ്യിക്കുന്നതിന് പഞ്ചായത്ത് മുൻകൂട്ടി തീരുമാനിച്ചിരുന്നോയെന്നും സമിതിയാരാഞ്ഞതിന് അന്തിമ ബിൽ കൊടുക്കുന്നയവസരത്തിൽ പുതുക്കിയ എസ്റ്റിമേറ്റംഗീകരിച്ച് നിശ്ചിത തുക നല്കുവാൻ തീരുമാനമെടുത്തതായിട്ടാണ് ഫയലിൽ കാണുന്നതെന്നും കൂടുതൽ പണി ചെയ്യുന്നതിന് മുൻകൂട്ടി തീരുമാനിച്ചിരുന്നില്ലെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

30. പുതുക്കിയ എസ്റ്റിമേറ്റംഗീകരിച്ചാലത് സാധൂകരണത്തിനായി അയയ്ക്കേണ്ട തല്ലേയെന്നും തകരാറിലായ റോഡ് നന്നാക്കുന്നതിന് എക്സിക്യൂട്ടീവ് ഓഫീസറും പഞ്ചായത്ത് പ്രസിഡണ്ടും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും കൂടി തീരുമാനിച്ചല്ലേ പണി ചെയ്യിക്കേണ്ടിയിരുന്നതെന്നും അഭിപ്രായപ്പെട്ടു. അന്നത്തെ സെക്രട്ടറിക്ക് ഇതു സംബന്ധിച്ച് നോട്ടീസയച്ചിരുന്നെങ്കിലും മറുപടി തന്നിട്ടില്ലെന്നും അവർ റിട്ടയർ ചെയ്തെന്നും ഇപ്പോൾ പഞ്ചായത്ത് തീരുമാനമെടുത്ത് സാധൂകരണ ത്തിനായി സർക്കാരിലേക്കെഴുതിയിട്ടുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി.

31. സാധൂകരണത്തിനായി സർക്കാരിലേക്കെഴുതിയതെന്നാണെന്നും മുൻ സെക്രട്ടറിക്ക് ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് നല്കിയോയെന്നും പിന്നീടു വന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്നും സമിതിയാരാഞ്ഞതിന് ബോണ്ടു വച്ച് ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റ് നല്കിയെന്നും മുൻ സെക്രട്ടറിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്നും സർചാർജ്ജ് ഇനത്തിൽ ഓഡിറ്റിലംഗീകരിക്കാതിരുന്ന 16,000 രൂപ പിടിച്ചിട്ടുണ്ടെന്നും 12-11-2004-ൽ സാധൂകരണത്തിനായി സർക്കാരിലേക്കെഴുതിയെന്നും മുൻ സെക്രട്ടറിമാരാരും തന്നെയിക്കാര്യത്തിൽ നടപടി ഒന്നും സ്വീകരിച്ചിരുന്നില്ലെന്നും മടികൈ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, ജില്ലാ പെർഫോമൻസ് ഓഡിറ്റുകാരാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നതെന്നും സമിതിയുടെ നോട്ട് കിട്ടിയപ്പോഴാണ് ഇതേക്കുറിച്ചറിഞ്ഞതെന്നും, കാസറഗോഡ് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറും സമിതിയെ അറിയിച്ചു.

32. സർക്കാരിലേക്ക് സാധൂകരണത്തിനെഴുതിയതു സംബന്ധിച്ചും മുൻസെക്രട്ടറി ബോണ്ടു വച്ചിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ചുമുള്ള നടപടികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു.

33. സമിതി നിർദ്ദേശമനുസരിച്ച് പ്രസ്തുത പ്രവൃത്തിക്ക് കാഞ്ഞങ്ങാട് ബ്ളോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പുതുക്കിയ സാങ്കേതി കാനുമതിയുടെയും 7-1-2005-ലെ പഞ്ചായത്ത് സമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് 10-1-2005-ലെ എ/1041/04 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡപ്യൂട്ടി ഡയറക്ടറോട് അപേക്ഷിക്കുകയും പ്രസ്തുത രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായും ഓഡിറ്റ് തടസം ഒഴിവാക്കിക്കൊടുക്കാവുന്നതാണെന്നും ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് 25-6-2005-ലെ എൽ.എഫ്./21521/സ്പെ.സെൽ(ജി1)/04 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

34. 23-3-2006-ലെ ജി.ഒ.(ആർ.ടി)809/06/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം പരാമർശ വിഷയമായ തുകയ്ക്ക് സാധൂകരണം ന്ലകിയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

## പള്ളിക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

ഗുണഭോക്തൃവിഹിതം പിരിക്കാത്തത്

"തെരഞ്ഞെടുക്കപ്പെട്ട 37 പെൺകുട്ടികൾക്കു കമ്പ്യൂട്ടർ പരിശീലനം നല്കുവാൻ വൗച്ചർ നം.18/98-99, 36/98-99 എന്നിവ പ്രകാരം 46250 രൂപ ചെലവഴിച്ചു. എന്നാൽ പദ്ധതി വിശകലനത്തിൽ ഒരു ട്രെയിനിയിൽ നിന്നും 250 രൂപ ക്രമത്തിൽ ഉപഭോക്തൃ വിഹിതം പിരിച്ചെടുക്കണമെന്നു തീരുമാനിച്ചതു നടപ്പാക്കിയതായി കാണുന്നില്ല. ഇപ്രകാരം 9250 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്."

[ലോക്കൽ ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 80 (എ) ]

ഓഡിറ്റ് പരാമർശത്തിന് 12-11-2004-ലെ സി-1100/04 നമ്പർ കത്തുപ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

35. "കമ്പ്യൂട്ടർ പരിശീലനത്തിന് 1250 രൂപ പദ്ധതി വിഹിതവും 250 രൂപ ഗുണഭോക്തൃ വിഹിതവും അടക്കം ഒരു ഗുണഭോക്താവിന് 1500 രൂപ നിരക്കിൽ ആണ് ചെലവഴിക്കേണ്ടിയിരുന്നത്. ഇതിന് വകയിരുത്തിയ പദ്ധതി വിഹിതം 50000 രൂപയാണ്. എന്നാൽ ഒരു ഗുണഭോക്താവിന് 1250 രൂപ നിരക്കിൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞതിനാൽ ഗുണഭോക്തൃ വിഹിതം ആവശ്യമായി വന്നിട്ടില്ല. ഈയിനത്തിൽ ആകെ ചെലവായ തുക 46250 രൂപയാണ്. ആയതു കൊണ്ട് ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ പദ്ധതി നടപ്പിലാക്കാമെന്ന് 17-02-1999-ലെ തീരുമാന പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ എല്ലാവരും ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരായതിനാൽ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നത് പ്രായോഗികമല്ലായിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാത്തതുമൂലം നഷ്ടമുണ്ടായി എന്ന തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു."

36. ഗുണഭോക്തൃ വിഹിതം പിരിക്കേണ്ട എന്ന പഞ്ചായത്തു സമിതിയുടെ തീരുമാനം സർക്കാരിലേക്കയച്ച് സാധൂകരണം വാങ്ങിയോ എന്ന് സമിതിയാരാഞ്ഞതിന് വാങ്ങിയിട്ടില്ലെന്ന് പള്ളിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

37. പഞ്ചായത്തിന്റെ പ്രമേയം ഉൾപ്പെടെയുള്ള എല്ലാ രേഖകളും സഹിതം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിലേക്ക് അയച്ച് സാധൂകരണം വാങ്ങി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വെറ്ററിനറി സർജൻ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ നടപ്പാക്കാത്തത്

"വെറ്ററിനറി സർജൻ മുഖാന്തിരം 1998-1999-ൽ നടപ്പാക്കേണ്ട ആടു വളർത്തൽ (ജനറൽ), പശു വളർത്തൽ, പേവിഷബാധ നിർമ്മാർജ്ജനം, ആടുവളർത്തൽ,

(പട്ടികജാതി) എന്നീ നാലു പ്രോജക്ടുകൾക്കായി പദ്ധതി വിഹിതമായി പ്ളാൻ ഫണ്ടിൽ നിന്നും 74,000 രൂപ നൽകുകയുണ്ടായി. എന്നാൽ തൻ വർഷം യാതൊരു തുകയും ചെലവാക്കിയതായോ പദ്ധതി പ്രവർത്തനം എന്തെങ്കിലും നടത്തിയാതായോ കാണുന്നില്ല. വിശദമായ അന്വേഷണം ആവശ്യമാണ്. ''

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 80 (ബി)]

ഓഡിറ്റ് പരാമർശത്തിന് 12-11-2004 ലെ സി-1100/04 നമ്പർ കത്തുപ്രകാരം പള്ളിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

38. "1997-98 വർഷത്തെ പദ്ധതികൾ സ്പിൽഓവർ ആയി 1998-99 വർഷത്തിലാണ് പൂർത്തിയാക്കിയത്. ആയതിനാൽ 1998-1999 വർഷത്തേക്കുള്ള ഗുണഭോക്തൃ ലിസ്റ്റ്, ആതറൈസേഷൻ ലെറ്റർ എന്നിവ ലഭിക്കുന്നതിന് കാലതാമസം നേരിട്ടു. ജനറൽ വിഭാഗത്തിലെ ഓരോ പദ്ധതി ഇനത്തിലും സർക്കാർ വിഹിതമായി കിട്ടുന്ന സാമ്പത്തിക ആനുകൂല്യം നാമമാത്രമായതിനാൽ ഗുണഭോക്താക്കളുടെ താല്പര്യക്കുറവും 1998-1999 വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചതായി ബോധിപ്പിക്കുന്നു."

39. സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിയപ്പോൾ മുഴുവൻ തുകയും ചെലവായോ എന്നും ബാക്കി തുക തിരിച്ചടച്ചോ എന്നും സമിതി ആരാഞ്ഞതിന് കുറച്ചു തുക ചെലവായി എന്ന് സെക്രട്ടറി അറിയിച്ചു.

40. ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു.

41. സമിതി നിർദ്ദേശ പ്രകാരം 4-12-2004 ലെ സി-1100/04 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ 1998-99 ലെ പദ്ധതിയിൽ വകയിരുത്തിയ 74000 രൂപയിൽ 40700 രൂപ, 1999-2000 ത്തിൽ ചെലവഴിച്ചിട്ടുള്ളതായും പശുക്കളെ വാങ്ങുന്നതിന് സബ്സിഡിയായി 10 ഗുണഭോക്താക്കൾക്ക് 30,000 രൂപയും ആടിനെ വാങ്ങുന്നതിന് 10 പട്ടികജാതി ഗുണഭോക്താക്കൾക്ക് 10,000 രൂപയും പൊതുവിഭാഗത്തിൽപ്പെട്ട 7 ഗുണഭോക്താക്കൾക്ക് ആടുകളെ വാങ്ങുന്നതിന് 700 രൂപയും സബ്സിഡിയായി നല്കിയെന്നും അറിയിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ ലിസ്റ്റു മാത്രമാണ് റിപ്പോർട്ടിനൊടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

42. സമിതിക്കു ലഭ്യമാക്കിയ റിപ്പോർട്ടിൽ പദ്ധതി തുക മുഴുവൻ വിനിയോഗിച്ചതു സംബന്ധിച്ച് സമിതി തെളിവെടുപ്പു വേളയിൽ ആവശ്യപ്പെട്ടിരുന്ന വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങിയ റിപ്പോർട്ടും ഫയലുകളും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകി ഓഡിറ്റ് തടസ്സം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

ഉപാധിരഹിത ഫണ്ടിന്റെ ദുർവിനിയോഗം

"ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് പൊതുവിഭാഗത്തിൽ രണ്ടും പ്രത്യേക ഘടക പദ്ധതിയിൽ ഒരു പ്രവൃത്തിക്കുമാണ് 1996-1997 ഒന്നാം അർദ്ധവർഷം ചെലവു ചെയ്തത്. ഈ മൂന്നു പണികൾക്കും കരാറുകാരൻ സ്വന്തം മണ്ണ് ദൂരെ സ്ഥലത്തു നിന്നും കൊണ്ടുവന്നു നിറയ്ക്കുക എന്ന ഇനത്തിന് 10 ഘന മീറ്ററിന് 720 രൂപ നിരക്കാണ് എസ്റ്റിമേറ്റിൽ പ്രാദേശിക നിരക്കായി കാണിച്ചിരിക്കുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് ആഫീസറുടെ അംഗീകാരത്തിന് അയച്ച കത്ത് ഈ നിരക്ക് അധികമാണെന്ന കാരണത്താൽ അംഗീകരിക്കാൻ നിവൃത്തിയില്ലായെന്ന് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു. പഞ്ചായത്തിന്റെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലും, ജില്ലാകളക്ടറുടെ ഉത്തരവു പ്രകാരമുള്ള പ്രാദേശിക നിരക്കിന്റെ അടിസ്ഥാനത്തിലും ഈ നിരക്കായ 720 രൂപയ്ക്ക് ജില്ലാ പഞ്ചായത്ത് ആഫീസറുടെ കത്ത് സി.1-1773/96/കെ.എസ് തീയതി 21-6-1996 പ്രകാരം അംഗീകാരം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എല്ലാ പദ്ധതികൾക്കും ഈയിനം പണിക്ക് വാഹനം അനുവദിച്ചിരിക്കുന്നത് 5 കീ.മീ. ദൂരമാണ്. അതിനാൽ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ പണിക്ക് കൊടുക്കാവുന്ന പ്രാദേശിക നിരക്ക് 554 രൂപയാണ്. ആയത് 10 ഘനമീറ്ററിന് 166 രൂപ നിരക്കിൽ തുക അധികം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| രാമൻചിറ റോഡ് മെറ്റലിംഗ് ടാറിംഗ് | - | 18,260 |
| അമ്പലത്തറ, പാലചിറ റോഡ് | - | 4,831 രൂപ |
| നാരങ്ങയം-വടക്കേ വളപ്പ് ഹരിജൻ കോളനി റോഡ് | - | 36,362 രൂപ |
| ആകെ | - | 59453 രൂപ |

അധികമായി നൽകിയിട്ടുണ്ട്

പൊതു മരാമത്ത് മാന്വൽ പ്രകാരം 300 ഘനമീറ്ററിലധികം മണ്ണ് ഉപയോഗിച്ചാൽ അതിന് 'ലവൽ മെഷർമെന്റും' എടുക്കണമെന്നാണ് നിലവിലുള്ള ചട്ടം. എന്നാൽ മുകളിൽ കാണിച്ച അളവുകൾക്ക് സ്റ്റാക്ക് മെഷർമെന്റാണ് നടത്തിയിട്ടുള്ളത്. ഉപാധിരഹിത പണികൾക്ക് വാങ്ങിയ ടാറിന്റെ ബില്ലും, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തു കാണിച്ചിട്ടില്ല. ഈ ഇനത്തിൽ 59,453 അധികം നൽകിയിട്ടുണ്ട്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 116 (a)]

ഓഡിറ്റ് പരാമർശത്തിന് 18-11-2004-ലെ A-804/04 നമ്പർ കത്തുപ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച മറുപടി:—

43. "1996-97 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പാരാ 39, 40 സംബന്ധിച്ച് പഞ്ചായത്തിന്റെ ആ കാലയളവിലെ സെക്രട്ടറിയായ ശ്രീ.ഏണസ്റ്റ് എടപ്പള്ളിക്ക് ഇതുമായി ബന്ധപ്പെട്ട/ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ മറുപടിക്കായി

ഓഡിറ്റ് റിപ്പോർട്ടിൽ പാരയുടെ കോപ്പി അയച്ചു കൊടുത്തിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്ന കാര്യം ബോധിപ്പിക്കുന്നു."

44. മണ്ണ് കൊണ്ടു വന്ന് നിറയ്ക്കുന്നതിന് 10 ഘന മീറ്ററിന് 720 രൂപ പ്രാദേശിക നിരക്കായി കാണിക്കാൻ കാരണമെന്തെന്ന് സമിതിയാരായുകയുണ്ടായി. എസ്റ്റിമേറ്റിൽ 554 രൂപയാണ് നിരക്കായി നിശ്ചയിച്ചിട്ടുള്ളതെങ്കിലും, പ്രാദേശിക നിരക്കു പ്രകാരം സ്റ്റേറ്റ്മെന്റ് ഉണ്ടാക്കിയപ്പോൾ 720 രൂപ അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പിന്നീടൊരു തീരുമാനമെടുത്തയച്ചെന്നും അതിന് ജില്ലാ പഞ്ചായത്ത് ഓഫീസർ അനുമതി നൽകി എന്നും എന്നാൽ 10 ഘന മീറ്ററിന് 166 രൂപ നിരക്കിൽ അധികം നല്കിയെന്നാണ് ഓഡിറ്റ് പരാമർശം വന്നിരിക്കുന്നതെന്നും ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

45. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെല്ലാമാണെന്നും അന്നത്തെ സെക്രട്ടറി ഇപ്പോളെവിടെയാണ് ജോലി ചെയ്യുന്നതെന്നും സമിതിയാരാഞ്ഞതിന് അന്നത്തെ സെക്രട്ടറിക്ക് മൂന്നു പ്രാവശ്യം കത്തയച്ചെങ്കിലും മറുപടിയൊന്നും തന്നെ ലഭിച്ചിട്ടില്ലെന്നും 10 ഘനമീറ്ററിന് 166 രൂ. നിരക്കിൽ മൂന്നു ജോലിക്കുമായി ആകെ 59493 രൂ. അധികം കൊടുത്തിട്ടുണ്ടെന്നും ഇതു മുഴുവൻ തിരിച്ചു പിടിക്കണമെന്നും ടിയാൻ ഇപ്പോൾ കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം പഞ്ചായത്തിലാണ് ജോലി ചെയ്യുന്നതെന്നും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

46. തുക അടയ്ക്കേണ്ടിയിരുന്ന സെക്രട്ടറിയ്ക്കെതിരെ നടപടിയെടുക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർ ജോലിയിലിരുന്ന കാലയളവ് ഏതെന്നും, പണം ഈടാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നുള്ള വിശദമായ റിപ്പോർട്ട് സമിതിക്ക് നല്കാമെന്ന് ജോയിന്റ് ഡയറക്ടർ ഉറപ്പു നല്കിയെങ്കിലും ഇതുവരെയും ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

47. ഓഡിറ്റിൽ പരാമർശിക്കപ്പെടുന്ന ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക പലിശ സഹിതം ഈടാക്കുന്നതിൽ ഭരണ വകുപ്പ് അക്ഷന്തവ്യമായ അലംഭാവമാണ് കാണിക്കുന്നത്. തുക അടക്കേണ്ട സെക്രട്ടറിക്കെതിരെ കാലാകാലങ്ങളിൽ നടപടിയെടുക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാം, പണം അടപ്പിക്കാൻ സ്വീകരിച്ചിരുന്ന നടപടികൾ എന്തെല്ലാം എന്നീ കാര്യങ്ങൾ സംബന്ധിച്ചും 3 മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാമെന്ന് സമിതിയിൽ ഉറപ്പു നൽകിയ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറും മറ്റുദ്യോഗസ്ഥരോടൊപ്പം കൃത്യവിലോപമാണ് കാണിച്ചിട്ടുള്ളത്. ഇവർക്കെതിരെ ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും തുക അടയ്ക്കാനുള്ള സെക്രട്ടറിയിൽ നിന്നും തുക വസൂലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

റോഡ് പണി—നിറയ്ക്കാനുള്ള മണ്ണിന് കൂടുതൽ വില നൽകിയത് അനുവദനീയമല്ല.

"പഞ്ചായത്തിലെ നാല് റോഡു പണികൾക്ക് നിറയ്ക്കാനുള്ള കിളച്ച മണ്ണിന് 10എം$^3$ ന് 614.95 രൂപ, 839.15 രൂപ എന്നീ നിരക്കുകളിലാണ് വാങ്ങിയത്. ഡിപ്പാർട്ട്മെന്റ് നിരക്കിലാണ് എസ്റ്റിമേറ്റ് ഉണ്ടാക്കിയതെങ്കിലും ഡാറ്റാ ബുക്കിലെ 51-ാം ഇനപ്രകാരമാണ് ഡാറ്റാ തയ്യാറാക്കിയത്. അതിനു പുറമേ 5 കിലോമീറ്ററിൽ കൂടുതൽ കൺവെയൻസും നൽകിയിട്ടുണ്ട്.

യഥാർത്ഥത്തിൽ ഈ ജോലിക്ക് ഡേറ്റാ ബുക്കിലെ 56-ാം ഇനപ്രകാരമാണ് ഉണ്ടാക്കേണ്ടിയിരുന്നത്. അങ്ങിനെ ഉണ്ടാക്കിയിരുന്നെങ്കിൽ 10എം$^3$ ന് 406.10 രൂപ നൽകിയാൽ മതിയാകുമായിരുന്നു

ഈ ഇനത്തിൽ കളത്തിൽ ഓർക്കുളം റോഡ്-നിർമ്മാണത്തിന് 60,567 രൂപയും തുരുത്തി-ആറികടവ് ഓർക്കുളം റോഡ് സോളിംഗ് ഇനത്തിൽ 19,480 രൂപ മുണ്ടയ്ക്കം-വടക്കേവളപ്പ് കോളനി റോഡ് ഇനത്തിൽ 4,177 രൂപയും കൈതക്കാട് ജമായത്ത് പള്ളി ഓരിബണ്ട് റോഡിന് പരിരക്ഷണത്തിന് 8,334 രൂപ അധികം ചെലവായിട്ടുണ്ട്.

ഉപാധിരഹിത നിധി ഉപയോഗിച്ച് ചെയ്ത ജോലിക്ക് ലോക്കൽ റേറ്റിൽ എസ്റ്റിമേറ്റ് ഉണ്ടാക്കുകയോ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 116 (b)]

ഓഡിറ്റ് പരാമർശത്തിന് 18-11-2004 A-804/04 നമ്പർ കത്തുപ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച മറുപടി:—

48. "1996-97 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പാരാ 39, 40 സംബന്ധിച്ച് പഞ്ചായത്തിന്റെ ആ കാലയളവിലെ സെക്രട്ടറിയായ ശ്രീ.ഏണസ്റ്റ് എടപ്പള്ളിക്ക് ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ മറുപടിക്കായി ഓഡിറ്റ് റിപ്പോർട്ടിൽ പാരയുടെ കോപ്പി അയച്ചുകൊടുത്തിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്ന കാര്യം ബോധിപ്പിക്കുന്നു."

49. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതിയാരാഞ്ഞതിന് പ്രസ്തുത കാലയളവിലെ സെക്രട്ടറിയോട് ഇതു സംബന്ധിച്ച വിശദീകരണം 21-8-2002-ൽ ചോദിച്ചുവെങ്കിലും ഇതുവരെയും മറുപടി ലഭിച്ചിട്ടില്ലെന്ന് ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സെക്രട്ടറിയിൽ നിന്നും തുക 3 മാസത്തിനുള്ളിൽ വസൂലാക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ മേൽനോട്ടം വഹിക്കണമെന്നും നടപടികൾക്ക് കാലതാമസം നേരിട്ടാൽ ജോയിന്റ് ഡയറക്ടറും ഉത്തരവാദിയാകുമെന്നും സമിതി തെളിവെടുപ്പു വേളയിൽ അറിയിച്ചിരുന്നു. നടപടി അടിയന്തിരമായി സ്വീകരിക്കാമെന്നു ഉറപ്പുതന്നെങ്കിലും നടപടി ഉണ്ടായിട്ടില്ല.

## നിഗമനങ്ങൾ/ശുപാർശകൾ

50. പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയ മുൻ സെക്രട്ടറി ശ്രീ. ഏണസ്റ്റിൽ നിന്നും തുക പിഴപ്പലിശ ഉൾപ്പെടെ അടിയന്തിരമായി ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

51. മുൻ പഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

52. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക ഈടാക്കി മൂന്നു മാസത്തിനുള്ളിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ 25-11-2004-ലെ സമിതി യോഗം പഞ്ചായത്ത് ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നെങ്കിലും നാളിതുവരെയും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച വിശദീകരണം പഞ്ചായത്ത് ജോയിന്റ് ഡയറക്ടറിൽ നിന്നും ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

1,64,000 രൂപയുടെ കയർപിരി യന്ത്രങ്ങൾ തുരുമ്പെടുത്തു നശിക്കുന്നു

"പഞ്ചായത്തിൽ അർഹരായവർക്ക് വിതരണം ചെയ്യാനായി 1,64,000 രൂപ മുടക്കി 5/98-ൽ വാങ്ങിയ 20 കയർ പിരിയന്ത്രങ്ങൾ ആവശ്യക്കാരായ ഗുണഭോക്താക്കളെ കണ്ടെത്താനാവാത്തത് നിമിത്തം 10/2000-ലും ഓഫീസിലിരുന്ന് തുരുമ്പെടുക്കുകയാണ്. ഗുണഭോക്തൃവിഹിതം അടയ്ക്കാൻ ആരും തയ്യാറല്ലാത്തത് നിമിത്തമാണ് ഇത്തരമൊരു സാഹചര്യമുണ്ടായത്. യന്ത്രം ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള വിതരണക്കാരുടെ ഉത്തരവാദിത്വവും ഒരു വർഷ സൗജന്യ സർവ്വീസ് സൗകര്യം തന്നെ പാഴായി കഴിഞ്ഞു.

ശരിയായ ആസൂത്രണമോ മുൻകരുതലുകളോ കൂടാതെ യന്ത്രങ്ങൾ വാങ്ങാൻ തിടുക്കം കാട്ടിയതുമൂലമാണ് ഇത്തരമൊരു സാമ്പത്തിക നഷ്ടം സംഭവിച്ചത് ഇത് സംബന്ധമായ പ്രോജക്ട് രേഖകളും ഫയലുകളും പൂർണ്ണമായി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല എന്നതും ഗൗരവാർഹമാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 117]

ഓഡിറ്റ് പരാമർശത്തിന് 18-11-2004-ലെ A-228/04 നമ്പർ കത്ത് പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

53. "1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് യന്ത്രവൽകൃത കയർ പിരിയന്ത്രം നൽകുന്ന പ്രോജക്ട് അനുവദിച്ച് 20 കയർ പിരി യന്ത്രങ്ങൾ വാങ്ങിയിട്ടുള്ളതാകുന്നു. പ്രോജക്ട് പ്രകാരം 5000 രൂപ പ്ളാൻ ഫണ്ടും ബാക്കി വരുന്ന തുക ഗുണഭോക്തൃ വിഹിതമായും ആണ് നിശ്ചയിച്ചിട്ടുള്ളത്. ഒരു യന്ത്രത്തിന് 8200 രൂപ വില വാങ്ങിയിട്ടുള്ളതാകുന്നു. പ്രസ്തുത യന്ത്രങ്ങൾ വാങ്ങുന്നതിന് മുമ്പ് ഗുണഭോക്തൃ വിഹിതം ഒന്നും തന്നെ പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. എന്നാൽ യന്ത്രങ്ങൾ വാങ്ങിയതിന് ശേഷം ഗുണഭോക്താക്കൾ

ഗുണഭോക്തൃ വിഹിതം അടച്ച് യന്ത്രം കൈപ്പറ്റിയിട്ടുള്ളതാകുന്നു. ബാക്കിയുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറായില്ല. അങ്ങനെ വരുന്ന 18 യന്ത്രങ്ങളാണ് പഞ്ചായത്തിൽ തുരുമ്പെടുത്ത് നശിക്കുന്നത് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നത്.

54. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള 18 കയർ പിരിയന്ത്രം ഒരെണ്ണത്തിന് 750 രൂപ വീതം ഗുണഭോക്തൃ വിഹിതമായി അടച്ച് കൈപ്പറ്റുന്നതിന് ചെറുവത്തൂർ കയർ വ്യവസായ സഹകരണസംഘം തയ്യാറായി വന്നിരുന്നു. തുടർന്ന് പഞ്ചായത്തിന്റെ 28-10-2003-ലെ 197(5)/03 നമ്പർ തീരുമാന പ്രകാരം നിർദ്ധനരായ യുവതികൾക്ക് പരിശീലനം നൽകുന്ന ചെറുവത്തൂർ കയർ വ്യവസായ സഹകരണ സംഘത്തിന് കയർ യന്ത്രം നൽകുന്നതിന് തീരുമാനിച്ചു. കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം ബഹു: ഗവൺമെന്റ് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരത്തിന്, ഇതുമായി ബന്ധപ്പെട്ട മേൽ പറഞ്ഞ സൊസൈറ്റിക്ക് ഗുണഭോക്തൃ വിഹിതം 750 രൂപ അടച്ച് യന്ത്രം നൽകുന്നതിന് അനുമതിക്ക് പ്രപ്പോസൽ അയച്ചിരുന്നു. ബഹു: തദ്ദേശ സ്വയംഭരണ (ഡി.പി) വകുപ്പ് സെക്രട്ടറിയുടെ 4-6-2004 18511/DP/2/04 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന യന്ത്രവൽകൃത കയർ പിരിയന്ത്രം കയർ സൊസൈറ്റിക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 5-8-2004-ന്റെ 43486/69 നമ്പർ രശീതി പ്രകാരം 13500 രൂപ വാങ്ങി 18 യന്ത്രവൽകൃത റാട്ട് സൊസൈറ്റിക്ക് നൽകിയതായും ബോധിപ്പിക്കുന്നു.”

55. ഗുണഭോക്തൃ വിഹിതം അടച്ച് യന്ത്രം കൈപ്പറ്റണം എന്ന രീതിയിൽ പദ്ധതി തയ്യാറാക്കിയാണ് 20 കയർ പിരിയന്ത്രങ്ങൾ വാങ്ങിയതെന്നും ഗുണഭോക്തൃ വിഹിതം അടച്ച് 2 പേർ യന്ത്രം വാങ്ങിയെന്നും ബാക്കി 18 എണ്ണം വാങ്ങിക്കാനാളില്ലാതെ തുരുമ്പെടുക്കുന്നെന്നും ചെറുവത്തൂർ കയർ സഹകരണ സംഘം ഗുണഭോക്തൃ വിഹിതം അടച്ചിട്ട് ഈ യന്ത്രങ്ങളേറ്റെടുക്കുവാൻ തയ്യാറാണെന്ന് പഞ്ചായത്തിന് നിവേദനം നല്കിയതനുസരിച്ച് പഞ്ചായത്ത് തീരുമാനമെടുത്ത് വകുപ്പ് സെക്രട്ടറിയുടെ അംഗീകാരത്തിനായി അയ്ക്കുകയുണ്ടായി. എന്നാൽ ഗുണഭോക്തൃ വിഹിതമായി 3200 രൂപ അടച്ച് യന്ത്രം വാങ്ങുവാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതിനാൽ ഗുണഭോക്തൃവിഹിതം 750 രൂപയായി കുറച്ചു നിശ്ചയിച്ചതിൻ പ്രകാരം യന്ത്രം നല്കുവാൻ സെക്രട്ടറി 4-6-2004-ൽ ഉത്തരവിറക്കിയെന്നും അപ്രകാരം 18 യന്ത്രങ്ങൾ ചെറുവത്തൂർ കയർ സഹകരണ സംഘത്തിന് നല്കിയെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടാണ് ഈ തീരുമാനമെടുത്തതെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

56. ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ടിന്റെ വിശദമായ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചതനുസരിച്ച് 4-6-2004-ലെ 18511/ഡി.പി.11/04/തസ്വഭവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഗുണഭോക്തൃ വിഹിതം 750 രൂ. വിതം ഈടാക്കി 18 യന്ത്രങ്ങൾ ചെറുവത്തൂർ കയർ സഹകരണസംഘത്തിനു നല്കിയിട്ടുണ്ടെന്നും അതിൻപ്രകാരം ലഭിച്ച 13,500 രൂപ 5-8-2004-ലെ 43486/49 നമ്പർ രസീത് പ്രകാരം വരവ് വച്ചിട്ടുണ്ടെന്നും 22-12-2004-ലെ എൽ.എഫ്. 21521/സ്പെ.സെൽ(ജി1)/04 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

57. സർക്കാർ ഉത്തരവുപ്രകാരം കയർ പിരിയന്ത്രങ്ങൾ കയർ സഹകരണ സംഘത്തിനു കൈമാറിയതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പീലിക്കോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

മരാമത്ത് പണികൾക്ക് അനധികൃതമായി അധികം മുൻകൂറുകൾ നൽകി രേഖകൾ ലഭ്യമല്ല.

"പഞ്ചായത്ത് 1998-99 വർഷത്തെ മരാമത്ത് പണികൾക്ക് അനുവദനീയമായ മൊബിലൈസേഷൻ അഡ്വാൻസുകൾക്ക് പുറമേ വൻതുക ക്രമരഹിതമായി മുൻകൂറായി നൽകിയതായി കാണുന്നു. ഇത്തരത്തിൽ 30 പ്രോജക്ടുകളിലായി 11,73,824 രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

മരാമത്ത് ചട്ടങ്ങൾ പ്രകാരം പ്രവൃത്തി തുടർന്നു വരുന്ന ക്രമത്തിൽ ചെയ്ത പണിക്ക് ആനുപാതികമായി പാർട്ട് ബില്ലിൽ നിന്ന് മുൻകൂർ തുക തട്ടിക്കിഴിക്കേണ്ടതും അവസാന ബില്ലിൽ അവ പൂർണ്ണമായി സെറ്റിൽ ചെയ്യേണ്ടതുമാണ്. പക്ഷേ ഇവിടെ മുൻകൂർ പണം നൽകിയതിന്റെ തട്ടിക്കിഴിക്കലുകളും തുടർന്ന് തുകകൾ നൽകിയതിന്റെ അർഹതയും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ചെയ്ത പണികളുടെയും വാങ്ങി സൂക്ഷിച്ചിട്ടുള്ള സാധനങ്ങളുടെയും അളവുകളും മൂല്യങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ കൃത്യമായ രേഖകളില്ലാതെ നൽകിയ 11,73,824 രൂപയുടെ വിനിയോഗത്തെപ്പറ്റി വിശദമായി അന്വേഷിക്കേണ്ടതുണ്ട്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 118]

ഓഡിറ്റ് പരാമർശത്തിന് 18-11-2004-ലെ A2-564/04 നമ്പർ കത്ത് പ്രകാരം പീലിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | റിമാർക്ക്സ് |
|---|---|---|
| (1) | (2) | (3) |
| 1. | പീലിക്കോട് GWLP സ്കൂൾ റിപ്പേർ | പ്രവൃത്തി പൂർത്തീകരിച്ചു. അഡ്വാൻസ് കഴിച്ച് ബാക്കിതുക നൽകുന്നതിനു വേണ്ടി ഫൈനൽ ബിൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. സംസ്ഥാനാവിഷ്കൃത തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ DPC യോട് അനുവാദത്തിന് അപേക്ഷിച്ചിട്ടുണ്ട് |

| (1) | (2) | (3) |
|---|---|---|
| 2. | പീലിക്കോട് GWLP സ്കൂൾ ഡ്രെയിനേജ് നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് സംഖ്യ കുറവ് ചെയ്ത് ബാക്കി തുക നൽകി. |
| 3. | മാണിയാട് ഹോമിയോ ആശുപത്രി ചുറ്റുമതിൽ നിർമ്മാണം | പ്രവൃത്തിയുടെ ഫൈനൽ ബിൽ ലഭിച്ചിട്ടുണ്ട്. അധികരിച്ച് നൽകിയ തുക തിരിച്ചടക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നൽകിയിരിക്കുന്നു. |
| 4. | അരയാക്കീൽ വയൽ റോഡ് നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബിൽ ലഭിച്ചിട്ടുണ്ട്. അധികരിച്ച് നൽകിയ തുക തിരിച്ചടക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട് |
| 5. | കൊല്ലൊറൊടി കൾവർട്ട് | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 6. | പഞ്ചായത്ത് തെങ്ങിൽ തോപ്പിൽ കിണർ-ജലസേചന സൗകര്യം | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 7. | എടാച്ചേരി കോളനി ശ്മശാന സംരക്ഷണം | പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നു. |
| 8. | മണിയാട്ട് തോട് നവീകരണം | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസായ തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 9. | കൂനുത്തൂർ തുമ്പക്കുതിർ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി |
| 10. | ചീറ്റക്കാവ് നഞ്ചൻകുളം റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി |
| 11. | കാലിക്കടവ് കാനത്തിൽ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി |
| 12. | മണിയാട്ട് വണ്ണത്തിച്ചാൽ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്തു. അധികരിച്ചു നൽകിയ അഡ്വാൻസ് തുക തിരിച്ചു പിടിക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |

| (1) | (2) | (3) |
|---|---|---|
| 13. | പായൽ മാനായി റോഡ് നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 14. | കൂക്കാനം കോളനി റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 15. | വറക്കോട് വയൽ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 16. | V.E.O. ഓഫീസ് റിപ്പേയർ | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 17. | ചൂരിക്കൊവ്വൽ നടപ്പാത | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബിൽ ലഭിച്ചിട്ടില്ല. വാങ്ങിയ തുക തിരിച്ചടക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 18. | വേങ്ങാപ്പാറ പാടിക്കീൽ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 19. | ഗവഃ ആയൂർവേദാശുപത്രി ചുറ്റുമതിൽ | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 20. | പി.സി.കെ.ആർ. കുടിനീർ പദ്ധതി | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബിൽ ലഭിച്ചില്ല. വാല്വേഷൻ പ്രകാരം അധികം നൽകിയ സംഖ്യ തിരിച്ചടക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 21. | കുന്നംകിണറ്റുകര കുടിനീർ പദ്ധതി | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബിൽ ലഭിച്ചു. അധികരിച്ചു നൽകിയ തുക തിരിച്ചടക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നൽകി. |
| 22. | ഓലാട്ട് കുഞ്ഞിക്കുന്ന് റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |

| (1) | (2) | (3) |
|---|---|---|
| 23. | അമ്പുക്കുളം മാനായി തോട് നവീകരണം | പ്രവൃത്തി പൂർത്തീകരിച്ചില്ല. വാല്വേഷൻ പ്രകാരം അധികരിച്ചു നൽകിയ സംഖ്യ (Rt) 16980/80 dt. 9-3-2001 രശീതി പ്രകാരം പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. Rs. 22,439 (പലിശയുൾപ്പെടെ) |
| 24. | പലിയേരി തോട് നവീകരണം | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 25. | പുത്തിലോട്ട് തോട് നവീകരണം | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 26. | മാങ്കടവത്ത് കൊവ്വൽ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 27. | കൂക്കാനം കോളനിയിൽ (SC) പമ്പ് ഹൗസും പമ്പും സ്ഥാപിക്കൽ | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 28. | പള്ളിക്കണ്ടം തോടിന് ക്രോസ് ബാർ നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 29. | പുത്തിലോട് തോടിന് ക്രോസ് ബാർ നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |
| 30. | മാണിയാട്ട് തോടിന് ക്രോസ് ബാർ നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുക കുറവ് ചെയ്ത് ബാക്കി സംഖ്യ നൽകി. |

58. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള 30 പദ്ധതികൾക്കായി 11,73,824 രൂപ മുൻകൂറായി കൊടുത്തിട്ടുണ്ടോയെന്നും പാർട്ട് ടൈം പേയ്മെന്റിന്റെ സമയത്ത് അഡ്വാൻസ് ഓരോന്നായി തട്ടിക്കിഴിക്കുകയോ അന്തിമ ബില്ലിന്റെ സമയത്ത് പൂർണ്ണമായി തീർപ്പാക്കിയിട്ടുണ്ടോയെന്നും ഇത് സംബന്ധമായ എല്ലാ ഫയലുകളും കയ്യിലുണ്ടോയെന്നും സമിതിയാരാഞ്ഞതിന് അഡ്ജസ്റ്റ്മെന്റ് ഫയലിന്റെ രജിസ്റ്റർ അവിടെ സൂക്ഷിച്ചിട്ടില്ലെന്നും ഈ വർക്കുകൾ മുഴുവൻ പരിശോധിച്ചതിൽ 28 പണികൾക്കും അന്തിമ ബിൽ തയ്യാറാക്കിയിട്ടുണ്ടെന്നും ഇതിൽ തന്നെ 24 പണികളിൽ 23 എണ്ണത്തിന് കൃത്യമായി മുൻകൂർ തട്ടിക്കിഴിച്ച് നല്കിക്കഴിഞ്ഞതും ഒരെണ്ണം അധികമായി കൊടുത്ത പണം

തിരിച്ചു വാങ്ങിയതാണെന്നും ബാക്കി 6 പ്രവൃത്തികളിൽ 4 എണ്ണത്തിന് അന്തിമബിൽ ലഭിച്ചവയാണെന്നും അനുബന്ധം എ, ബി, എന്ന് 2 ഭാഗങ്ങളുള്ള പ്രവൃത്തികളുടെ 'എ' ഭാഗം തീർന്നെങ്കിലും 'ബി' ഭാഗം തീർന്നിട്ടില്ലാത്തതിനാൽ അന്തിമ ബിൽ ആയിട്ടില്ലെന്നും പ്രസ്തുത ആറു പ്രവൃത്തികളുടേയും കൺവീനർമാരിൽ രണ്ടു പേർക്ക് രജിസ്റ്റേർഡ് നോട്ടീസും 4 പേർക്ക് സാധാരണ നോട്ടീസും അയച്ചിട്ടുണ്ടെന്നും കൂടാതെ അന്നത്തെ സെക്രട്ടറിക്ക് ഇതു സംബന്ധിച്ച കത്തയച്ചെങ്കിലും മറുപടി ലഭ്യമാകാത്തതിനാൽ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ മുഖാന്തിരം ബോണ്ടുവച്ചവരിൽ നിന്നും പണം ഈടാക്കാൻ നിർദ്ദേശിച്ചെന്നും പഞ്ചായത്തിന്റെ കണക്കനുസരിച്ച് 78,379 രൂപ മാത്രമേ ഇനി ഈടാക്കുവാനുള്ളെന്നും പീലിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

59. പ്രസ്തുത പണം തിരിച്ചു പിടിക്കാതിരുന്നതിന്റേയും 1998-99-ൽ തുടങ്ങിയ പണി ഇത്രയും നീണ്ടുപോയതിന്റേയും കാരണം എന്താണെന്നും പൂർത്തിയാക്കിയ പ്രവൃത്തികളുടെ കരാർ സംബന്ധമായ ഫയലുകളെല്ലാമുണ്ടോയെന്നും, നോട്ടീസ് കൊടുത്തതിനെന്തു പ്രതികരണമാണുള്ളതെന്നും സമിതിയാരാഞ്ഞതിന് സെക്രട്ടറിയെന്ന നിലയിൽ നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും റവന്യൂ റിക്കവറിക്ക് നോട്ടീസ് അയയ്ക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി തേടിയിട്ടുണ്ടെന്നും ഉത്തരവാദിയായ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്തെന്നും ബോണ്ട് വച്ചവരിൽ നിന്നും പണം ഈടാക്കുവാൻ ഡപ്യൂട്ടി ഡയറക്ടറുടെ അനുവാദം ലഭിച്ചിട്ടുണ്ടെന്നും ഗുണഭോക്തൃ സമിതി ചെയ്ത പണികളായതുകൊണ്ട് ആ വർഷം സമിതികൾക്ക് മുൻകൂർ തുക ധൃതഗതിയിൽ നല്കിയതാണെന്നും നോട്ടീസിന് കാര്യമായ മറുപടി കിട്ടിയിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

60. തുക വസൂലാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ സമിതി നിദ്ദേശിച്ചതിന് 10-12-2004-നുള്ളിൽ രണ്ടാമതൊരു നോട്ടീസ് കൂടി കൺവീനർമാർക്ക് നല്കി സമിതിക്ക് റിപ്പോർട്ട് നല്കാമെന്ന് സെക്രട്ടറി ഉറപ്പുനല്കിയിരുന്നു.

61. സമിതി നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചുവെന്നും 24 പ്രവൃത്തികളിൽ 23 എണ്ണത്തിന് നല്കിയ മുൻകൂർ തുക അന്തിമ ബില്ലിൽ തട്ടിക്കിഴിച്ചിട്ടുണ്ടെന്നും ഒരു പ്രവൃത്തിയുടെ വാല്വേഷൻ നടത്തി അധികം നല്കിയ തുക പലിശയടക്കം ഈടാക്കിയിട്ടുണ്ടെന്നും ബാക്കി ആറു പ്രവൃത്തികൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രത്യേകം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും ലോക്കൽ ഫണ്ട് ഡയറക്ടറുടെ 22-12-2004-ലെ എൽ.എഫ്.21521/സ്പെ.സെൽ(ജി1)/04 നമ്പർ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ അറിയിച്ചിരുന്നു.

62. 3-1-2006-ലെ എ-564/04 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ആറു പ്രവൃത്തികളിൽ മൂന്നെണ്ണം തൃപ്തികരമായി പൂർത്തിയാക്കിയതിനാൽ മുൻകൂർ നല്കിയ തുക അന്തിമ ബില്ലിൽ തട്ടിക്കിഴിച്ചിട്ടുണ്ടെന്നും ബാക്കി മൂന്നു പ്രവൃത്തികളുടെ കൺവീനർമാർക്ക് സമിതി നിർദ്ദേശമനുസരിച്ച് തുക തിരിച്ചടയ്ക്കുവാൻ നോട്ടീസ് നല്കുകയും മൂന്നു കൺവീനർമാരും മുൻകൂർ തുക പലിശയുൾപ്പടെ പഞ്ചായത്തിൽ അടച്ചിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നുമാണ് പീലിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

63. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട 30 പ്രവൃത്തികളിൽ 27 എണ്ണം പൂർത്തീകരിക്കുകയും ബാക്കി മൂന്നു പ്രവൃത്തികളുമായി ബന്ധപ്പെട്ട തുക സമിതി നിർദ്ദേശ പ്രകാരം പലിശ സഹിതം ഈടാക്കുകയും ചെയ്ത നടപടി സമിതി അംഗീകരിക്കുന്നു. അതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഈസ്റ്റ്-എളേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

പൊതുമരാമത്ത് പണികൾ ക്രമവിരുദ്ധമായി നടപ്പാക്കി

"സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് പഞ്ചായത്ത് സെക്രട്ടറി 1998-99 വർഷം നേരിട്ട് നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ഒട്ടനവധി ക്രമക്കേടുകൾ കാണുന്നുണ്ട്. പ്രസ്തുത പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾക്ക് അർഹമായ ആനുകൂല്യങ്ങളും മറ്റും പറ്റിക്കൊണ്ടാണ് നടത്തിയതെങ്കിലും അത്തരം ജനകീയ പങ്കാളിത്തം ഉണ്ടായിരുന്നതിന്റെ തെളിവുകളൊന്നും തന്നെ ലഭ്യമല്ല. മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയതിനുശേഷം ഗഡുക്കളായി മുൻകൂർ പണം വാങ്ങി കരാർ വഴിയുള്ള രീതിയിൽ നിർവ്വഹണം നടത്തിയതായി കാണുന്നു. പക്ഷേ ഗുണഭോക്തൃസമിതികൾക്ക് മാത്രം അർഹമായ പ്രത്യേക ആനുകൂല്യമായ 25% മുതൽ 30% വരെ നിരക്ക് വർദ്ധനവ് അനുവദിക്കുകയും ചെയ്തു. ഗുണഭോക്തൃവിഹിതം വിഭാവനം ചെയ്തിരുന്നെങ്കിലും അത് ലഭ്യമാക്കുന്നതിന് ശ്രമിക്കുകയോ ബില്ലിൽ നിന്ന് കുറവു ചെയ്യുകയോ ചെയ്തിട്ടില്ല. പ്രവൃത്തികളുടെ നിർവ്വഹണത്തോടനുബന്ധിച്ച് ഹാജരാക്കിയ മസ്റ്റർ റോളുകൾ അവിശ്വസനീയമാണ്. മസ്റ്റർ റോൾ പ്രകാരം മിക്കവാറും എല്ലാ പ്രവൃത്തിയും 1999 മാർച്ച് മാസം 1 മുതൽ 31 വരെ. ആഴ്ചയിൽ അവധി ഒഴികെ എല്ലാ ദിവസവും നടത്തിയതായി കാണുന്നു. പക്ഷേ പ്രവൃത്തികളുടെ ഫൈനൽ പേയ്മെന്റ് മാർച്ച് 31 നു മുൻപ് നൽകിയിരുന്നു. തൊഴിലാളികളുടെ ഒപ്പും അവിശ്വസനീയമാണ്. പണിക്ക് ഉപയോഗിച്ച സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അവയുടെ വിതരണവും ഉപയോഗവും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബില്ലുകൾ സാങ്കേതിക അനുമതി നൽകിയ അധികാരി പരിശോധിച്ചില്ല എന്ന പോരായ്മയുമുണ്ട്. ഈ കാരണങ്ങളാൽ 1998-99 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികൾക്ക് മാത്രം അർഹമായ ആനുകൂല്യമായി നൽകിയ 4,92,774 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV 119]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 18-11-2004-ലെ A-228/04 നമ്പർ കത്തുപ്രകാരം ഈസ്റ്റ്-എളേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

64. "ഈസ്റ്റ്-എളേരി ഗ്രാമപഞ്ചായത്തിൽ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് 1998-99 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ചെലവിനെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിക്കുന്നതിന്

ഇതിനോടകം പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് നൂറ് ശതമാനം പദ്ധതി വിഹിതവും ചെലവഴിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിന്റെ കർശന നിർദ്ദേശം മാനിച്ച്, അനുവദിച്ച പദ്ധതി വിഹിതം മുഴുവൻ ജനകീയാസൂത്രണ പദ്ധതി മുഖേന ചെലവഴിച്ച കാസറഗോഡ് ജില്ലയിലെ ചുരുക്കം പഞ്ചായത്തുകളിൽ ഒന്നാണ് ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്.

65. 1998-99 വർഷത്തിൽ പഞ്ചായത്തിൽ പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ എല്ലാം തന്നെ ഗുണഭോക്തൃ സമിതികൾ വഴി നടത്തിയതാണ്. പഞ്ചായത്തിന്റെ മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിലാണ് എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതിക്ക് മൊബിലൈസേഷൻ അഡ്വാൻസിനു പുറമെ രണ്ടും, മൂന്നും തവണയായി അഡ്വാൻസ് അനുവദിച്ചത് എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തീകരിക്കുക എന്ന സദുദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലാണ്. നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഗുണഭോക്തൃ സമിതിക്ക് മതിയായ തുക ലഭ്യമായില്ലെങ്കിൽ പ്രവൃത്തി പാതി വഴിക്ക് മുടങ്ങുന്ന അവസ്ഥ വരും. ഈ സാഹചര്യം ഒഴിവാക്കാനാണ് ഗഡുക്കളായി തുക അനുവദിച്ചിട്ടുള്ളത് ഓരോ പ്രോജക്റ്റിലും ഗുണഭോക്തൃ വിഹിതം വിഭാവനം ചെയ്തിരുന്നെങ്കിലും ആയത് ലഭ്യമായത് സംഭാവനയുടെ രൂപത്തിലല്ല. പക്ഷേ അത്രയും തുകയ്ക്ക് സമാനമായ മനുഷ്യാദ്ധ്വാനം മേൽ പ്രവൃത്തികളിൽ ഗുണഭോക്തൃ വിഹിതമായി ലഭിച്ചിട്ടുണ്ട്.

66. ഗുണഭോക്തൃ സമിതിയുടെ പ്രവർത്തന രേഖകളുടെ അഭാവത്തിൽ മരാമത്ത് പണികൾക്ക് നൽകാവുന്ന അളവ് മൂല്യം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് 4,92,774 രൂപ ഓഡിറ്റിൽ അംഗീകരിക്കാത്ത സാഹചര്യമുണ്ടായിട്ടുള്ളത്. ഈ ന്യൂനത പരിഹരിക്കുന്നതിന് പഞ്ചായത്ത് താഴെക്കാണും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(എ) പ്രോജക്റ്റ് നമ്പർ 14/1998-99

ഗോക്കടവ് വെന്റഡ്-ക്രോസ് ബാർ-കം-ബ്രിഡ്ജ് നിർമ്മാണം

ജോഷി എന്നയാൾ കൺവീനറായും പി. എ. ജോർജ് എന്നയാൾ ചെയർമാനായും ഉള്ള ഗുണഭോക്തൃ സമിതി നടപ്പാക്കിയ പ്രവൃത്തി. പ്രസ്തുത പ്രവൃത്തിക്ക് ഗുണഭോക്തൃ സമിതിക്ക് അർഹതപ്പെട്ട തുകതന്നെയാണ് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്ക്, ദൈനംദിന ഡയറി, വരവ്-ചെലവ് കണക്ക് എന്നിവ ഹാജരാക്കാൻ പഞ്ചായത്ത്, മേപ്പടി ചെയർമാനും, കൺവീനർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മോണിറ്ററിംഗ് സമിതികളുടെ അവലോകനം, പൂർത്തീകരണ റിപ്പോർട്ടുകൾ അടുത്ത പരിശോധനക്ക് ഹാജരാക്കുന്നതാണ്.

(ബി) പോജക്റ്റ് നമ്പർ 15/1998-99

ചിറ്റാരിക്കാൽ തോടിന് ചെക്ക് ഡാം നിർമ്മാണം

ശ്രീ. വിൻസന്റ് തയ്യിൽ എന്നയാൾ ചെയർമാനായും, ശ്രീ. ഇ. മാധവൻ കൺവീനറായും ഉള്ള ഗുണഭോക്തൃ സമിതി നടപ്പാക്കിയ പ്രവൃത്തി. മേൽ പ്രവൃത്തിക്ക് ഗുണഭോക്തൃ സമിതിക്ക് അർഹതപ്പെട്ട തുക തന്നെയാണ് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്ക്, ദൈനംദിന ഡയറി വരവ്-ചെലവ് കണക്ക് എന്നിവ ഹാജരാക്കാൻ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുണ്ട്. മോണിറ്ററിംഗ് സമിതികളുടെ അവലോകന പൂർത്തീകരണ റിപ്പോർട്ടുകൾ അടുത്ത ഓഡിറ്റിന് പരിശോധനക്ക് വിധേയമാക്കുന്നതാണ്.

(സി) പ്രോജക്ട് നമ്പർ 32/1998-99

ചിറ്റാരിക്കാൽ ബസ്റ്റാന്റ്-കെട്ടിട നിർമ്മാണം

ശ്രീ. ജോർജ് പുളിയനാടൻ ചെയർമാനും ശ്രീ. സെബാസ്റ്റ്യൻ തയ്യിൽ കൺവീനറായും ഉള്ള ഗുണഭോക്തൃ സമിതി നടപ്പാക്കിയ പ്രവൃത്തി. ഗുണഭോക്തൃ സമിതിയുടെ പ്രവർത്തന രേഖകളുടെ അഭാവത്തിൽ നൽകാവുന്ന അളവ് മൂല്യം നിശ്ചയിച്ചതു കൊണ്ടാണ് അധിക തുക നൽകിയതായി ഓഡിറ്റിൽ പരാമർശമുള്ളത്. ഈ സാഹചര്യത്തിൽ പ്രവൃത്തിയുടെ ചെയർമാനായ ശ്രീ. ജോർജ് പുളിയനാടൻ എന്നയാളോട് പ്രവൃത്തി സംബന്ധമായ മിനിട്ട്സ് ബുക്ക്, വരവ്-ചെലവ് കണക്ക്, ദൈനംദിന ഡയറി എന്നിവ ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ. സെബാസ്റ്റ്യൻ തയ്യിൽ എന്നയാൾ ഇപ്പോൾ ജീവിച്ചിരിപ്പില്ല.

(ഡി) പ്രോജക്റ്റ് നമ്പർ 34/1998-99

അറയ്ക്കത്തട്ട്-മൗവേനി റോഡ് ടാറിംഗ്

ശ്രീ. എ. ഇ. സ്കറിയ കൺവീനറും, ശ്രീ. സണ്ണി ചെയർമാനായും ഉള്ള ഗുണഭോക്തൃ സമിതി നടപ്പാക്കിയ പ്രവൃത്തി. പ്രസ്തുത റോഡ് ടാറിംഗ് പ്രവൃത്തിക്ക് ഗുണഭോക്തൃ സമിതിക്ക് അർഹതപ്പെട്ട തുകയാണ് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്ക്, വരവ്-ചെലവ്, ദൈനംദിന ഡയറി എന്നിവ ഹാജരാക്കാൻ പഞ്ചായത്ത് മേപ്പടി ചെയർമാനും കൺവീനർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്, മോണിറ്ററിംഗ് സമിതികളുടെ അവലോകനം, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ അടുത്ത പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ്.

(ഇ) പ്രോജക്റ്റ് നമ്പർ 37/1998-99

അരിയിരുത്തി-മുനയംകുന്ന് റോഡ് ടാറിംഗ്

ശ്രീ. ദേവസ്യ പൊടിമറ്റം/രാജൂ മാത്യൂ എന്നിവർ ചെയർമാനും കൺവീനറുമായി ഗുണഭോക്തൃ സമിതി മുഖേന പൂർത്തീകരിച്ച പ്രവൃത്തിയാണ്. യഥാർത്ഥ ഗുണഭോക്തൃ സമിതി ആയതുകൊണ്ട് തന്നെയാണ് സമിതിക്ക് മാത്രം അനുവദിക്കാവുന്ന പ്രത്യേക ആനുകൂല്യമായ 30% വരെ വർദ്ധനവ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്ക് ദൈനംദിന ഡയറി, വരവ് ചെലവ് കണക്ക് എന്നിവ പഞ്ചായത്തിന് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മോണിറ്ററിംഗ് സമിതികളുടെ അവലോകനം, പൂർത്തീകരണ റിപ്പോർട്ടുകൾ എന്നിവ അടുത്ത ഓഡിറ്റിന് പരിശോധനക്ക് വിധേയമാക്കുന്നതാണ്.

(എഫ്) പ്രോജക്റ്റ് നമ്പർ 38/1998-99

നല്ലോമ്പുഴ-കുളിനീർ റോഡ് ടാറിംഗ്

ശ്രീ. ജോസ് ജോസഫ് പുത്തൻപുരയ്ക്കൽ ചെയർമാനും, ശ്രീ. ചെറിയാൻ മടുക്കാങ്കൽ കൺവീനറുമായുള്ള ഗുണഭോക്തൃ സമിതി നടപ്പാക്കിയതാണ് മേൽ പ്രവൃത്തി. 10000 രൂപയ്ക്ക് തുല്യമായ സന്നദ്ധ സേവനം മേൽ പ്രവൃത്തിക്ക് ലഭിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതിക്ക് അർഹതപ്പെട്ട തുക മാത്രമെ പഞ്ചായത്ത്

നൽകിയിട്ടുള്ളൂ. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്ക്, ദൈനംദിന ഡയറി, വരവ്-ചെലവ് കണക്ക് എന്നിവ ഹാജരാക്കാൻ ചെയർമാനോടും, കൺവീനറോടും നിർദ്ദേശിച്ചിട്ടുണ്ട്. മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ റിപ്പോർട്ട് എന്നിവ അടുത്ത ഓഡിറ്റിന് ഹാജരാക്കുന്നതാണ്.

(ജി) പ്രോജക്റ്റ് നമ്പർ 65/1998-99

പഞ്ചായത്ത് ഓഫീസ് ചുറ്റുമതിൽ നിർമ്മാണം

ശ്രീ. ജോയി പുളിയനാട് എന്നയാൾ ചെയർമാനും, ശ്രീ. സെബാസ്റ്റ്യൻ തയ്യിൽ കൺവീനറുമായുള്ള ഗുണഭോക്തൃ സമിതി നടപ്പാക്കിയതാണ് പ്രസ്തുത പ്രവൃത്തി, യഥാർത്ഥ ഗുണഭോക്തൃ സമിതി ആയതുകൊണ്ട് തന്നെയാണ് സമിതിക്ക് മാത്രം അനുവദനീയമായ അധിക വർദ്ധനവ് അനുവദിച്ചതും രണ്ടാം ഗഡുവായി അഡ്വാൻസ് അനുവദിച്ചതും, എങ്കിലും സമിതിയുടെ മിനിട്ട്സ് ബുക്ക്, ദൈനംദിന ഡയറി, വരവ്-ചെലവ് കണക്ക് എന്നിവ പഞ്ചായത്തിന് ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് സമർപ്പിക്കുന്നതിന് ചെയർമാൻ ശ്രീ. ജോയി എന്നയാളോട് നിർദ്ദേശിച്ചിട്ടുണ്ട്. കൺവീനർ ശ്രീ. സെബാസ്റ്റ്യൻ തയ്യിൽ എന്നയാൾ ഇപ്പോൾ ജീവിച്ചിരിപ്പില്ല. മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും, പൂർത്തീകരണ സർട്ടിഫിക്കറ്റും, അടുത്ത പരിശോധനക്ക് സമർപ്പിക്കുന്നതാണ്.

67. 1998-99-ൽ ഉപഭോക്തൃ സമിതികൾക്ക് അർഹമായ ആനുകൂല്യങ്ങളും മറ്റും നല്കിക്കൊണ്ടാണ് പ്രവൃത്തികൾ നടത്തിയതെങ്കിലും അതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ലെന്ന് സമിതി കണ്ടെത്തി. ബന്ധപ്പെട്ട പ്രവൃത്തി സംബന്ധിച്ച ഫയൽ കൊണ്ടു വന്നിട്ടില്ലെന്നും ദൈനംദിന ഡയറി, ക്യാഷ് ബുക്ക്, മിനിറ്റ്സ് ബുക്ക് എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ലെന്നും നിയമസഭാ സമിതി യോഗം സംബന്ധിച്ച അറിയിപ്പ് വന്നതിനു ശേഷമാണ് ബന്ധപ്പെട്ട കൺവീനർമാർക്ക് ഇതു സംബന്ധിച്ചുള്ള കത്തയച്ചതെന്നും ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പു വേളയിൽ സമിതിയെ അറിയിച്ചു.

68. ഗുണഭോക്തൃ സമിതികൾ തന്നെയാണ് ഈ പണികൾ ചെയ്തിട്ടുള്ളതെന്ന് തീർച്ചയാണോയെന്നും അങ്ങനെയൊരു സമിതിയുണ്ടാക്കിയതിന്റെ നടപടിക്കുറിപ്പും പഞ്ചായത്തിന്റെ തീരുമാനവും ഉണ്ടോയെന്നും സമിതിയാരാഞ്ഞതിന് ഇത് സംബന്ധിച്ച രേഖകളെല്ലാം ഓഫീസിലുണ്ടെന്നും ഗുണഭോക്തൃ സമിതിയാണ് ഈ പണി ചെയ്തതെന്നാണ് മനസ്സിലാക്കാൻ സാധിച്ചതെന്നും ഗുണഭോക്തൃ സമിതി മുഖാന്തിരം പ്രവൃത്തി ചെയ്യിക്കണമെന്ന് പഞ്ചായത്തിന്റെ തീരുമാനമുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

69. ഓഡിറ്റിൽ വളരെ ഗുരുതരമായ ക്രമക്കേടുകളാണ് ചൂണ്ടിക്കാട്ടിയിരിക്കുന്ന തെന്നതിനാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ കണ്ടെത്തി മസ്റ്റർ റോളും മറ്റനുബന്ധ രേഖകളും പത്തു ദിവസത്തിനകം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സെക്രട്ടറിക്ക് സമിതി നിർദ്ദേശം നല്കിയിരുന്നു.

70. സമിതി നിദ്ദേശ പ്രകാരം രേഖകൾ പരിശോധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് രേഖകൾ കൃത്യമാണെന്നും ഗുണഭോക്തൃ സമിതികൾക്ക് മാത്രം അർഹമായ 7 പ്രവൃത്തികളിൽ നല്കിയ തുക 4,92,774 രൂപ അംഗീകരിക്കാവുന്നതുമാണെന്ന് 22-12-2004-ലെ എൽ.എഫ്.-21521/സ്പെ.സെ(ജി1)/04 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

71. പഞ്ചായത്തുകൾ പദ്ധതികളേറ്റെടുത്തു നടത്തുമ്പോൾ അതുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുവാനും ഓഡിറ്റിന്റെ പരിശോധനയ്ക്ക് കൃത്യസമയത്ത് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കണമെന്നും ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വികരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

72. ഓഡിറ്റ് പരാമർശത്തിന്മേൽ യഥാസമയം മറുപടി കൊടുക്കാതിരിക്കുകയും സമിതിയുടെ തെളിവെടുപ്പിനായുള്ള അറിയിപ്പ് കിട്ടിയപ്പോൾ മാത്രം ബന്ധപ്പെട്ട രേഖകൾ അന്വേഷിക്കുകയും ചെയ്ത നടപടി തികഞ്ഞ ഉത്തരവാദിത്വമില്ലായ്മയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നിശ്ചിത കാലാവധിക്കുള്ളിൽ മറുപടി നല്കുവാൻ നടപടി സ്വീകരിക്കേണ്ടതാണെന്നും ഇതു സംബന്ധിച്ച് ഭരണ വകുപ്പ് കാലാകാലങ്ങളിൽ പരിശോധന നടത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനപരിശോധനയിൽ തീർപ്പാക്കിയതിനാൽ ഓഡിറ്റ് തടസം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

ഗുണഭോക്തൃ വിഹിതവും മറ്റും ഫണ്ടിൽ വരവു വെച്ചില്ല

"ഗ്രാമ പഞ്ചായത്തിൽ 1998-99 വർഷം ജനകീയാസൂത്രണ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായും മറ്റും പിരിച്ചെടുത്ത വിവിധ തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുള്ളതായി കാണുന്നില്ല. അവയുടെ സംക്ഷിപ്ത വിവരം ചുവടെ കൊടുക്കുന്നു.

(i) ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായി ബേളൂർ വി.ഇ.ഒ. രസീതി നമ്പർ 29045/40-42 പ്രകാരം രൂപ 30,000
2-2-1999-ൽ പിരിച്ച തുക

(ii) കാലച്ചാനടുക്കം മൃഗാശുപത്രിയിലെ വെറ്റിനറി സർജൻ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുകയിൽ

രൂപ 8,982 ഉൾപ്പെട്ടവ

രൂപ 19,573

(iii) രസീതി നമ്പർ 98828/1 മുതൽ 100 വരെയും 98829/1-4 വരെയുള്ള കളക്ഷനിൽ വരവ് വെച്ചതിലെ കുറവ്
രൂപ 900

(iv) ബേളൂർ വി.ഇ.ഒ. യുടെ കളക്ഷൻ രജിസ്റ്റർ പ്രകാരം 27-10-1999
രൂപ 1,000-ൽ വന്ന പിരിവ് അടച്ചതിലെ കുറവ്

(v) ഓഫീസ് കളക്ഷൻ പ്രകാരം 3-11-1999-ലെ പിരിവ്
രൂപ 1,200

(vi) ഓഫീസ് കളക്ഷൻ പ്രകാരം 11-1-1999-ലെയും 12-9-1999-ലെയും

രൂപ 6,539 വരവ്

(vii) പഞ്ചായത്ത് ഓഫീസിലെ 12-2-1999-ലെ വരവ്

രൂപ 4,395

(viii) ഓഫീസിൽ 30-4-1999-ലുള്ള പിരിവ്

രൂപ 1,002

മുകളിൽ സൂചിപ്പിച്ച തുകകൾ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടിയിരിക്കുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് അദ്ധ്യായം IV.120]

ഓഡിറ്റ് പരാമർശത്തിന് 19-11-2004-ലെ 275/02 നമ്പർ കത്തുപ്രകാരം കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

73. Para: 7 (D)

ഉപഭോക്തൃവിഹിതം, രസീതി പിരിവ് കളക്ഷൻ രജിസ്റ്റർ ക്യാഷ് ബുക്ക് (പ്ളാൻ ഫണ്ട്) എഴുതി സൂക്ഷിച്ചിട്ടില്ല. പണം ഒടുക്കിയതിന്റെ വിശദവിവരം ഹാജരാക്കേണ്ടതാണ്. ഒടുക്കു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം പരിശോധിച്ചു പണം Gen. PD അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു

74. Para: 7 (E)

(i) നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. യിൽ നിന്നും ഗുണഭോക്തൃ വിഹിതം ഇനത്തിൽ 2-2-1999-ന് പഞ്ചായത്ത് സെക്രട്ടറി കൈപ്പറ്റിയ 30000 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതായി കാണുന്നില്ല. ടി തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഹെഡ്ക്ളാർക്കിൽ നിന്നും ഈടാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

(ii) വെറ്ററിനറി സർജൻ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതവും അതേ തീയതികളിൽ പഞ്ചായത്ത് പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതവും ഒന്നിച്ചാണ് Gen. P.D. അക്കൗണ്ടിൽ അടച്ചിട്ടുള്ളത്. അടുത്ത ഓഡിറ്റ് സമയത്തു രേഖകൾ ബോദ്ധ്യപ്പെടുത്തിക്കൊള്ളാം.

(iii) രസീത് നമ്പർ 98810, 98814, 98836 എന്നീ 3 രസീതു ബുക്കുകൾ ലഭ്യമാകാതിരിക്കുന്നതുമൂലം പൂർണ്ണമായ റമിറ്റൻസ് നടന്നിട്ടുണ്ടോ എന്നു വ്യക്തമായിട്ടില്ല. ബന്ധപ്പെട്ട ജീവനക്കാരെ ഇതു സംബന്ധിച്ച് പല പ്രാവശ്യം ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും പൂർണ്ണമായ സഹകരണം ലഭ്യമായിട്ടില്ല.

75. പ്ളാൻ ഫണ്ട് ക്യാഷ് ബുക്ക്, കളക്ഷൻ രജിസ്റ്റർ, ചെല്ലാൻ എന്നീ രേഖകൾ അടുത്ത ഓഡിറ്റ് സമയത്ത് ഹാജരാക്കി ഓഡിറ്റ് തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു.

76. ജനകീയാസൂത്രണ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായും മറ്റും പിരിച്ചെടുത്ത വിവിധ തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടുള്ളതായി കാണുന്നില്ലെന്നും കളക്ഷൻ രജിസ്റ്ററിൽ എഴുതിയിട്ടില്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തിന്, നിർവ്വഹണോദ്യോഗസ്ഥർ പഞ്ചായത്താഫീസുകളിൽ കളക്ഷനും രസീതു ബുക്കും പരിശോധിച്ച് ജനറൽ പി.ഡി. അക്കൗണ്ടിൽ ഒന്നിച്ച് തുക അടച്ചിട്ടുണ്ടെന്ന് കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി.

77. നാലു വർഷത്തേത് ഒന്നായിട്ടാണോ എഴുതിയിട്ടുള്ളതെന്നും 2000–2001–ൽ ഇതൊന്നും ഓഡിറ്റിന് കൊടുക്കാതെയിപ്പോഴാണോ കണ്ടെത്തിയതെന്നും സമിതിയാരാഞ്ഞതിന് വിവിധ നിർവ്വഹണോദ്യോഗസ്ഥന്മാർ ശേഖരിച്ച തുക, പഞ്ചായത്തിലടച്ച തുക, പഞ്ചായത്തിൽ നിന്ന് നേരിട്ട് ശേഖരിച്ച തുക ഇവയെല്ലാമൊന്നിച്ചാണ് ജനറൽ പി.ഡി. അക്കൗണ്ടിൽ രേഖപ്പെടുത്തുന്നതെന്നും ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്താത്തതാണ് തടസ്സവാദത്തിന് കാരണമെന്നും സമിതിയുടെ നോട്ടീസ് കിട്ടിയപ്പോഴാണ് രസീത് ബുക്ക്, പാസ് ബുക്ക് എന്നിവ പൂർണ്ണമായി പരിശോധിച്ചതെന്നും പാസ്സ് ബുക്ക് നോക്കിയപ്പോൾ ഫണ്ട് അടച്ചിട്ടുണ്ടായിരുന്നെന്നും പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാത്ത രണ്ടിനങ്ങളിൽ ഒന്ന് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായി 2–2–1999–ൽ പിരിച്ച തുകയായ 30,000 രൂപയാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

78. പ്രസ്തുത തുക പഞ്ചായത്തിൽ അടച്ച് രസീത് കൊടുത്തിട്ടുണ്ടോയെന്നും പണം ആരാണ് സ്വീകരിച്ചതെന്നും ഇനിയതിന്മേൽ എന്തു നടപടി സ്വികരിക്കുമെന്നും സമിതിയാരാഞ്ഞതിന് തുക പഞ്ചായത്തിലടച്ച് രസീത് കൊടുത്തിട്ടുണ്ടെങ്കിലും ഫണ്ടിൽ വന്നിട്ടില്ലെന്നും അന്നത്തെ സെക്രട്ടറി തന്നെയാണ് തുക സ്വീകരിച്ചതെന്നും ഇത് സംബന്ധിച്ച് അന്നത്തെ സെക്രട്ടറിക്കും ഹെഡ് ക്ളാർക്കിനും നോട്ടീസയച്ചിട്ടുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി. പഞ്ചായത്തിലെ ജീവനക്കാരാണ് ക്യാഷ് ബുക്കെഴുതേണ്ടതെന്നും സെക്രട്ടറി അതിന്റെ വലതുഭാഗത്തൊപ്പിടുകയുമാണ് ചെയ്യുന്നതെന്നും പഞ്ചായത്ത് ഫണ്ടിൽ ഇനിയാകെ വരേണ്ടത് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായ 30,000 രൂപയും രസീത് ബുക്കിൽ ഖണ്ഡിക 7 ഡിയിൽ ഒന്നാമത്തേതിൽ 95 മുതൽ 98 വരെയുള്ള രസീതുകൾക്ക് ആകെ വരേണ്ട 8120 രൂപയിൽ അടച്ച 7695 രൂപ തട്ടിക്കിഴിച്ചതിനു ശേഷമുള്ള 425 രൂപയുമാണെന്നും 30,000 രൂപ ലഭിച്ചിട്ടില്ലെന്നതിന് വിശദീകരണം ചോദിച്ചതിന് മറുപടി ലഭിച്ചില്ലെന്നും ബന്ധപ്പെട്ട ക്ളാർക്കിനെ വിളിച്ചു വരുത്തി തുകയടയ്ക്കാനാവശ്യപ്പെട്ടിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

79. സമിതിക്ക് നല്കിയ വിവരങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന മറുപടിയും ചേർത്ത് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് നല്കുവാനും ഇതുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും ഓഡിറ്റ് വകുപ്പിന് നല്കുവാനും സമിതി നിർദ്ദേശം നല്കിയിരുന്നു.

80. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തിയ പുനഃ പരിശോധനയിൽ വി.ഇ.ഒ. അടച്ച 30,000 രൂപ ചെലാൻ നം.30/3–2–1999 പ്രകാരം അടച്ചിട്ടുണ്ടെങ്കിലും പാസ്സ് ബുക്കിൽ വരവു വച്ചിട്ടില്ലായെന്നും ആയത് വരവു വയ്ക്കുന്നതിനായി 3–12–2004–ൽ സെക്രട്ടറി ഹോസ്ദുർഗ് സബ് ട്രഷറി ഓഫീസർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും വെറ്ററിനറി സർജൻ പിരിച്ചെടുത്ത 8982 രൂപയിൽ 6044 രൂപ

പഞ്ചായത്തിലടച്ചിട്ടുണ്ടെന്നും 2938 രൂപ അടച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ലെന്നും 18573 രൂപ അടച്ചതായി പറയുന്നുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും, 900 രൂപ 22-11-2004-ലെ 43545/81 നമ്പർ രസീത് പ്രകാരം തിരിച്ചടച്ചിട്ടുണ്ടെന്നും ബേളൂർ വി.ഇ.ഒ. യുടെ കളക്ഷൻ രജിസ്റ്റർ പ്രകാരം വന്ന 1000 രൂപ അടച്ചതായി പറയുന്നുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും 1200 രൂപ 4-11-1998-ലും 6539 രൂപ 13-11-1999-ലും 4395 രൂപ 15-2-1999-ലും 1002 രൂപ 30-4-1999-ലും 103-ാം നമ്പർ ടിപി അക്കൗണ്ടിൽ ഹോസ്ദുർഗ്ഗ് ട്രഷറിയിൽ അടച്ചിട്ടുണ്ടെന്നും, കണ്ടെത്തിയതായി 22-12-2004-ലെ എൽ.എഫ് 21521/എൽ.എഫ്. സ്പെ.സെൽ(ജി1)/04 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

81. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനയിൽ നല്കിയിട്ടില്ലാത്ത അനുബന്ധ രേഖകൾ കൂടി എത്രയുംവേഗം ഹാജരാക്കുവാനും ഇല്ലാത്ത പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പലിശയടക്കം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

82. 3-2-1999-ൽ ട്രഷറിയിൽ അടച്ച തുക പാസ് ബുക്കിൽ വരവ് വച്ചിട്ടില്ലായെന്നത് സംബന്ധിച്ച് ഓഡിറ്റ് പരാമർശമുണ്ടായിട്ടും സമിതി തെളിവെടുപ്പു നടത്തിയതിനു ശേഷം 3-12-2004 ലും, പ്രസ്തുത തുക വരവ് വയ്ക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നത് സമിതി വളരെ ഗൗരവമായി കാണുന്നു. ഇത്രയും കാലം ഇതിന്മേൽ വേണ്ട നടപടികൾ സ്വീകരിക്കാതിരുന്ന സെക്രട്ടറിമാരായിരുന്ന

| | | | | | |
|---|---|---|---|---|---|
| 1 | ഇ. കെ. രാമകൃഷ്ണൻ | 3-2-1999 | മുതൽ | 17-4-2000 | വരെ |
| 2 | പി. ജെ. വർഗ്ഗീസ് | 17-4-2000 | മുതൽ | 3-11-2000 | വരെ |
| 3 | കെ. സി. രാജപ്പൻ | 17-11-2000 | മുതൽ | 3-8-2001 | വരെ |
| 4 | യു. എം. ബാലകൃഷ്ണൻ (അധിക ചുമതല) | 18-8-2001 | മുതൽ | 25-9-2001 | വരെ |
| 5 | റ്റി. ജി. ശിവദാസൻ നായർ (ഹെഡ് ക്ലാർക്ക് ) | 26-9-2001 | മുതൽ | 20-12-2001 | വരെ |
| 6 | പി. കെ. ശിവരാജൻ | 21-12-2001 | മുതൽ | 31-12-2003 | വരെ |
| 7. | എ. യു. പ്രകാശ് | 31-12-2003 | മുതൽ | 11-6-2004 | വരെ |
| 8 | റ്റി. ജി. ശിവദാസൻ നായർ (ഹെഡ്ക്ലാർക്ക് ഇൻചാർജ്ജ്) | 11-6-2004 | മുതൽ | 19-7-2004 | വരെ |
| 9 | റ്റി. റ്റി. സുരേന്ദ്രൻ | 20-7-2004 | മുതൽ | 31-12-2004 | വരെ |

എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ടും അനന്തര നടപടികളും എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

## കുമ്പള ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

കുഴൽ കിണർ നിർമ്മാണം-കരാറുകാരനിൽ നിന്നും വില്പന നികുതി ഈടാക്കാതിരുന്നത് സർക്കാരിനു നഷ്ടം 8,528 രൂപ

"കുമ്പള ഗ്രാമ പഞ്ചായത്ത് 1997-98 വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയുടേയും ഏ.ആർ.ഡബ്ല്യു.എസ്. പദ്ധതിയുടേയും ഫണ്ടുപയോഗിച്ച് കുഴൽ കിണർ നിർമ്മിച്ചതിന് കരാറുകാരനായ പ്രകാശ് ബോർവെൽ എന്ന സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്നും നിയമപ്രകാരമുള്ള വില്പന നികുതി പിടിക്കാതിരുന്നതുമൂലം സംസ്ഥാന സർക്കാരിന് 8528 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V 14.1 (i)]

ഓഡിറ്റ് പരാമർശത്തിന് 17-11-2004-ലെ ഡി-851/02 നമ്പർ കത്ത് പ്രകാരം കുമ്പള ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

83. "മേൽ നഷ്ടം ഈടാക്കുന്നതിനു വേണ്ടി ആ കാലഘട്ടത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. യു. രവിചന്ദ്ര എന്നവർക്ക് നോട്ടീസ് അയക്കുകയുണ്ടായി. കൂടാതെ ലോക്കൽ ഫണ്ട് ഡയറക്ടർ സർചാർജ് നോട്ടീസ് (നമ്പർ. 4620/സ്പെ.സെൽ/804/2002 തീയതി 4-6-2002) നേരിട്ട് ശ്രീ. യു. രവിചന്ദ്രക്ക് അയച്ചിട്ടുണ്ട്. ഇവ രണ്ടിനും ശ്രീ. യു. രവിചന്ദ്ര മറുപടി നൽകുകയുണ്ടായി. അതായത് ഓഡിറ്റിൽ പറയുന്ന കുഴൽ കിണർ നിർമ്മാണം വരൾച്ച നേരിടുന്നതിന് ജില്ലാ കലക്ടർ അനുവദിച്ച 8 ബോർവെല്ലുകളാണ്. ഇതിന് Untied fund ന്റെ വിനിയോഗ മാനദണ്ഡമനുസരിച്ച് എസ്റ്റിമേറ്റ് ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ കൂടാതെ പഞ്ചായത്ത് പ്രവൃത്തി നേരിട്ട് ചെയ്യുകയായിരുന്നു. അൺടൈഡ് നോംസ് മുഖേന നേരിട്ട് ചെയ്യുന്ന പ്രവർത്തികൾക്ക് വില്പന നികുതി ആവശ്യമില്ല എന്ന് കാണിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് റവന്യൂ ബോർഡ് സെക്രട്ടറി 14-5-1997-ന് സി1-19155/97/ടി.എക്സ് നമ്പറായി അയച്ച കത്തിന്റെ പകർപ്പും ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ഇത് അടക്കം ചെയ്ത മറുപടി തിരുവനന്തപുരം ലോക്കൽ ഫണ്ട് ഡയറക്ടർക്ക് ശ്രീ. യു. രവിചന്ദ്ര നേരിട്ടയക്കുകയും അതിന്റെ പകർപ്പ് ഈ ഓഫീസിൽ അയച്ചുതരികയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇതിനെ കുറിച്ച് ലോക്കൽ ഫണ്ട് ഡയറക്ടറിൽ നിന്നോ പഞ്ചായത്ത് ഡയറക്ടറിൽ നിന്നോ കത്തുകളോ നടപടികളോ ഉണ്ടായിട്ടില്ല. ശ്രീ. യു. രവിചന്ദ്ര പെൻഷൻ പറ്റിയ ആളാണ്. പ്രസ്തുത വ്യക്തിക്ക് യോഗത്തിൽ ഹാജരാകാൻ നിർദ്ദേശിച്ചുകൊണ്ട് കത്തെഴുതിയിട്ടുണ്ട്."

84. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി സെക്രട്ടറിയോടാരാഞ്ഞതിന് അൺടൈഡ് ഫണ്ടിന് സെയിൽസ് ടാക്സ് വേണ്ടെന്ന് ഉത്തരവുണ്ടെന്ന് കുമ്പള ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ ഗുണഭോക്തൃ സമിതി നടത്തുന്ന പണികളാണെങ്കിൽ മാത്രമേ വിൽപന നികുതി ഒഴിവാക്കാൻ കഴിയൂ എന്നും കരാർ പണികൾക്ക് ഈ ഉത്തരവ് ബാധകമല്ലെന്നും ചൂണ്ടികാട്ടി.

85. 1997-98-ൽ കുഴൽ കിണർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയാണെന്നും ഇതിൽ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയുടേയും എ.ആർ.ഡബ്ളിയു.എസ്. പദ്ധതിയുടേയും ഫണ്ടുണ്ടെന്നും അന്നത്തെ സെക്രട്ടറി നേരിട്ട് നടത്തിയ

പദ്ധതിയാണിതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ക്വട്ടേഷൻ വിളിച്ചാണ് കരാറുകാരന് കൊടുത്തിരിക്കുന്നതെന്നും അതു കൊണ്ടു തന്നെയിതൊരു കരാർ പണിയാണെന്നും ലോക്കൽ ഫണ്ട് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

86. ഇതു സംബന്ധിച്ച സർചാർജ്ജ് നോട്ടീസായിട്ടുണ്ടെന്നും രണ്ടു മുൻ സെക്രട്ടറിമാരും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയക്ടർക്ക് അപ്പീൽ കൊടുത്തിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലുള്ള ഫയൽ പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകാമെന്നും പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

87. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർചാർജ്ജ് നടപടിയുടെ ഇപ്പോഴത്തെയവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

ഓഡിറ്റ് ഖണ്ഡിക

ആട്-പശു വിതരണം-അധിക സംബ്സിഡി നൽകിയത്-സർക്കാരിന് നഷ്ടം

അംഗീകൃത പ്രോജക്ടിൽ നിഷ്കർഷിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി അനുവദിക്കുക വഴി കുമ്പള ഗ്രാമ പഞ്ചായത്തിന് 1997-98 വർഷത്തിൽ 26,150 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V 14-1 (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 17-11-2004-ലെ ഡി-851/01 നമ്പർ കത്ത് പ്രകാരം കുമ്പള ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

88. "മേൽ നഷ്ടം ഈടാക്കുന്നതിന് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. എം. ടി. രാധാകൃഷ്ണന് (ഇപ്പോൾ സർവ്വീസിൽ നിന്ന് വിരമിച്ചു) നേരിട്ട് നോട്ടീസ് നൽകുകയുണ്ടായി കൂടാതെ ലോക്കൽ ഫണ്ട് ഡയറക്ടർ സർചാർജ് നോട്ടീസ് നൽകുകയും ചെയ്തു. ഇവയ്ക്ക് ടിയാൻ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ മറുപടിയിൽ പറയുന്ന ആ സംഖ്യകൾ അധികമായി നൽകിയ വ്യക്തികളിൽ നിന്ന് നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല. അതിനാൽ ആ തടസ്സങ്ങൾ തുടർ നടപടികളില്ലാതെ കിടക്കുകയാണ്. പ്രസ്തുത വ്യക്തിക്ക് യോഗത്തിൽ ഹാജരാകാൻ നിർദ്ദേശിച്ചുകൊണ്ട് കത്തെഴുതിയിട്ടുണ്ട്."

89. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർചാർജ്ജ് നോട്ടീസായിട്ടുണ്ടെന്ന് കുമ്പള ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

90. സർചാർജ്ജ് നോട്ടീസിന്മേൽ നടപടി സ്വീകരിച്ച് തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.

## പുത്തിഗൈ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

(1997-1998) ഉപാധിരഹിത ഫണ്ട്-മരാമത്തു പണികൾ-നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച്

"പുത്തിഗൈ ഗ്രാമ പഞ്ചായത്തിൽ 1997-98 വർഷത്തിൽ 3,35,566 രൂപ ഉപാധിരഹിത ഫണ്ടിൽ നിന്നും ചെലവഴിച്ച വിവിധ ഇനം മരാമത്തു പണികൾ പഞ്ചായത്ത് നേരിട്ട് നടപ്പിലാക്കുകയുണ്ടായി. മേൽ തുകയ്ക്കുള്ള വർക്കു ബില്ലുകൾ തയ്യാറാക്കാതെ കണ്ടിജന്റ് വൗച്ചറുകൾ മുഖേന പണം പിൻവലിച്ച് ചെലവഴിക്കുക യാണ് ചെയ്തിട്ടുള്ളത്. മരാമത്തു പണികളുടെ നടത്തിപ്പു സംബന്ധിച്ച അളവു പുസ്തകങ്ങളോ മറ്റ് അനുബന്ധ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ മേല്പറഞ്ഞ തുകയുടെ വിനിയോഗത്തിലെ കൃത്യത ആഡിറ്റിൽ സംശയിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ ഒരന്വേഷണം നടത്തേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V 14-2 (i)]

ഓഡിറ്റ് പരാമർശത്തിന് 16-11-2004-ലെ B1-761/04 നമ്പർ കത്ത് പ്രകാരം പുത്തിഗൈ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

91. "We have searched for the Measurement books noted in the Audit Report but could not find the measurement books."

92. ഉപാധിരഹിത ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച വർക്ക് ബില്ലോ വൗച്ചറോ മറ്റ് രേഖകളോ ഒന്നും ഓഡിറ്റിന് ഹാജരാക്കാത്തതെന്തുകൊണ്ടെന്ന് സമിതിയാരാഞ്ഞതിന് അന്തിമ ബില്ലെഴുതിയിട്ടില്ലെന്നും കണ്ടിജന്റ് ബിൽ പ്രകാരമാണ് തുക കൊടുത്തിട്ടുള്ളതെന്നും എം.ബുക്ക് കണ്ടുകിട്ടിയിട്ടില്ലെന്നും പുത്തിഗൈ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

93. പ്രവൃത്തി ഏറ്റെടുക്കുമ്പോൾ പഞ്ചായത്ത് തീരുമാനമുണ്ടോ, പ്രവൃത്തിയുടെ സ്ഥലം അളവെത്ര, കെട്ടിടമാണോ, റോഡാണോ കലുങ്കാണോ, എസ്റ്റിമേറ്റ് തുകയെത്ര എന്നീ വിവരങ്ങൾ കൃത്യമായും ഉണ്ടാവണമെന്നും എന്നാൽ ഇതിലിത്തരം വിവരങ്ങളൊന്നുമില്ലെന്നും പദ്ധതി നടപ്പിലാക്കിയ ഉദ്യോഗസ്ഥന്റെ അനാസ്ഥയാണിതെന്നും സമിതി അഭിപ്രായപ്പെട്ടു.

94. അന്നത്തെ സെക്രട്ടറി ശ്രീ. പി. വി. പാപ്പൻ ഇപ്പോൾ പാലക്കാട് വന്ന് ജോലി ചെയ്യുന്നതെന്നും ഇതു സംബന്ധിച്ച ഫയലുണ്ടെന്നും ഇതിൽ റോഡ് പുനരുദ്ധാരണം, കിണർ നവീകരണം തുടങ്ങിയ പതിനൊന്നു പണികളാണുള്ളതെന്നും എം ബുക്ക് ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

### നിഗമനങ്ങൾ/ശുപാർശകൾ

95. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. പി. വി. പാപ്പനെതിരെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

96. സമിതി ആവശ്യപ്പെട്ട വിവരങ്ങളും ഓഡിറ്റിന്റെ ഇപ്പോഴത്തെയവസ്ഥയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

97. ഓഡിറ്റ് പരാമർശങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഭരണ വകുപ്പ് തുടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പെർന്നെ-സൂര്യാംപയൽ ചെറുകിട ജലവിതരണ പദ്ധതി രേഖകൾ ഹാജരാക്കാത്തത്

"മേല്പറഞ്ഞ പദ്ധതിയുടെ നടത്തിപ്പിനായി 4,76,796 രൂപ ഗോപാലകൃഷ്ണ എന്നയാൾക്ക് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച രേഖകൾ 16-10-1998-ലെ എസ്.സി 26/98-ാം നമ്പർ കത്തുപ്രകാരം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ കൊണ്ടു പോയിട്ടുള്ളതിനാൽ പദ്ധതി നടത്തിപ്പു സംബന്ധിച്ച് രേഖകൾ ആഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V 14-2 (ii)]

ഓഡിറ്റ് പരാമർശത്തിന് 16-11-2004-ലെ B-761/04 നമ്പർ കത്ത് പ്രകാരം പുത്തിഗൈ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച മറുപടി:—

98. "The files related to the above work has been taken by the Vigilance and Anti Corruption Bureau as per letter No. SC/26/98 dated 16-10-1998. Hence the files could not be produced for audit. The files has not been returned so far."

99. വിജിലൻസിന് കൊടുത്ത ഫയൽ എന്തു കൊണ്ടാണ് തിരികെയാവശ്യപ്പെടാത്തതെന്നും കേസ്സിന്റെ ഇപ്പോഴത്തെയവസ്ഥയെന്താണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിനും നിയമസഭാ കമ്മിറ്റിക്കും പരിശോധിക്കുന്നതിനുവേണ്ടി ഫയലിന്റെ പകർപ്പ് ആവശ്യപ്പെടാമായിരുന്നില്ലേ എന്നും സമിതിയാരാഞ്ഞതിന് കേസ്സ് നടന്നുകൊണ്ടിരിക്കുകയാണെന്നും മുൻ സെക്രട്ടറിയെ അതിന്റെ പേരിൽ സസ്പെൻഡ് ചെയ്തെന്നും പിന്നീട് തിരിച്ചെടുത്തെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. സെക്രട്ടറിയുടെ പേരിൽ കേസുണ്ടോയെന്നും എത്ര രൂപയുടെതാണെന്നും സമിതിയാരാഞ്ഞതിന് മുൻ സെക്രട്ടറിയുടെ പേരിൽ കേസ്സുണ്ടെന്നും എത്ര രൂപയുടേതാണെന്നറിയാൻ കഴിഞ്ഞിട്ടില്ലെന്നും പുത്തിഗൈ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

100. ഗ്രാമപഞ്ചായത്തിലെ പദ്ധതികളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിനായി ഫയലുകൾ കൈമാറുമ്പോൾ ഫയലിന്റെ പകർപ്പ് നിർബന്ധമായും പഞ്ചായത്തുകളിൽ സൂക്ഷിച്ചിരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

101. പഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരികെ ലഭിക്കുന്നതിനും ആരോപണ വിധേയർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ വിജിലൻസ് വകുപ്പിന് നിർദ്ദേശം നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

102. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഇപ്പോഴത്തെയവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഇംപ്രസ്റ്റ് അക്കൗണ്ടിൽ അധികം നിക്ഷേപിച്ചത്

24-1-1998-ലെ ജി.ഒ.(പി) 383/98/ഫിൻ നമ്പർ ഉത്തരവു പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ള ഇംപ്രസ്റ്റ് അക്കൗണ്ടിൽ നിക്ഷേപിയ്ക്കാവുന്ന പരമാവധി തുക 50,000 രൂപയായി നിശ്ചയിച്ചിരിക്കെ പുത്തിഗൈ ഗ്രാമ പഞ്ചായത്തിൽ 1997-98 വർഷത്തിൽ 1,80,500 രൂപ പദ്ധതി പണം പിൻവലിച്ച് ക്രമവിരുദ്ധമായി ഇംപ്രസ്റ്റ് അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V 14.2 (iii)]

ഓഡിറ്റ് പരാമർശത്തിന് 16-11-2004-ലെ B1-761/04 നമ്പർ കത്തു പ്രകാരം പുത്തിഗൈ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

103. "Since 1997-1998 is the first year of implementation of peoples plan, the Panchayat is ignorant of each and every rules of peoples plan. So the mistake occurred. The amount deposited in the imprest account are the amount of SC Housing Scheme. The amount has been paid to the beneficiaries in the year 1998-1999 itself."

104. ഓഡിറ്റ് പരാമർശത്തെക്കുറിച്ചെന്താണ് പറയാനുള്ളതെന്ന് സമിതിയാരാഞ്ഞതിന് ആദ്യത്തെ വർഷം എസ്.സി/എസ്.റ്റി വിഭാഗത്തിന്റെ ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടി അവസാന നിമിഷം ഇംപ്രസ്റ്റ് അക്കൗണ്ടായിട്ട് മാറ്റിയതാണെന്നും ആ സമയത്ത് വീടു പണി പകുതിയായ സ്ഥിതിയായിരുന്നെന്നും പുത്തിഗൈ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

105. ഇംപ്രസ്റ്റ് ഫണ്ടിലേക്ക് തുകയധികം അടച്ചത് ഓഡിറ്റ് തടസ്സപ്പെടുത്തിയ സാഹചര്യത്തിൽ ഇംപ്രസ്റ്റ് അക്കൗണ്ടിൽ ഇത്രയും തുക അടയ്ക്കുവാനിടയായ പ്രത്യേക സാഹചര്യം വിശദീകരിച്ചു കൊണ്ട് ഈ തുക ക്രമീകരിക്കുന്നതിനായി പഞ്ചായത്ത് യോഗം ചേർന്ന് അവരുടെ പ്രമേയം കൂടെ ചേർത്തയയ്ക്കണമെന്നും ഇത് സംബന്ധിച്ച എല്ലാ രേഖകളും രണ്ടാഴ്ചയ്ക്കുള്ളിൽ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ മുഖേന ഡയറക്ടർക്കയയ്ക്കുവാനും സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

106. <u>ഓഡിറ്റ് പരാമർശത്തിന് 16-1-2006-ലെ ജി.ഒ.(ആർ.റ്റി) 144/2004/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം സാധൂകരണം ലഭിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.</u>

എൻ. അനിരുദ്ധൻ,
ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി.

തിരുവനന്തപുരം,
മാർച്ച് 13, 2007.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | 5 | കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് | 1998-ലെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ അഞ്ചു വർഷത്തിനു ശേഷവും യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ലായെന്നത് സമിതി വളരെ ഗൗരവപൂർവ്വം വീക്ഷിക്കുന്നതായും മതിയായ കാരണമില്ലാതെ ഓഡിറ്റ് പരമർശങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | 6 | ,, | ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെടുന്ന വ്യക്തികൾക്ക് അടിയന്തിരമായി നോട്ടീസ് നൽകി മറുപടി ലഭ്യമാക്കുവാനും മറുപടി ലഭിച്ചില്ലെങ്കിൽ ഉത്തരവാദികളായവരുടെ ബാദ്ധ്യത നിശ്ചയിച്ച് ബോണ്ട് സംബന്ധമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സർക്കാരിനെ അറിയിച്ച് തുക ഈടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| | 7 | ,, | 25-11-2004-ൽ സമിതി നടത്തിയ തെളിവെടുപ്പു വേളയിൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കുവാൻ കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്ത് ഹെഡ്ക്ളാർക്ക് ശ്രീ. വി. ഗണപതിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ഇതുവരെയും ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇതു സംബന്ധിച്ച് ടിയാനിൽ നിന്ന് വിശദീകരണം ലഭ്യമാക്കുവാനും പഞ്ചായത്ത് വകുപ്പിനോട് ആവശ്യപ്പെടുന്നു. |
| | 8 | ,, | മസ്റ്റർ റോൾ ഇല്ലാതെ പണം ചെലവാക്കിയ സെക്രട്ടറി ശ്രീ. കെ. അമ്പാടിക്കുഞ്ഞി (ജൂനിയർ)യിൽ നിന്നും പ്രസ്തുത തുക പലിശ സഹിതം ഈടാക്കുവാനും തുക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അനുവദിച്ചത് അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അംഗികാരത്തോടുകൂടിയാണെങ്കിൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ നിന്നും പലിശ സഹിതം തുല്യമായി ഈടാക്കുവാനും ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 2. | 15 | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് | പഞ്ചായത്തിന് 4698 രൂപ നഷ്ടപ്പെടുത്തിയെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ശ്രീ. അയ്യപ്പനിൽ നിന്നും ബാക്കി തുക പലിശ സഹിതം ഈടാക്കുവാനും ടിയാനെതിരെ സാമ്പത്തിക ക്രമക്കേടിന് വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| | 16 | ,, | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച വർഷവും തുടർന്നുള്ള കാലയളവിലും നടപടി സ്വീകരിച്ച് നഷ്ടപ്പെട്ട തുക ഈടാക്കേണ്ടിയിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരുവിവരം പഞ്ചായത്ത് ഡയറക്ടർക്കും സമിതിക്കും ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ യാതൊരു നടപടിയും നാൾ ഇതുവരെ സ്വീകരിക്കാതിരുന്ന മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ്ജ് ശ്രീ. എം. ജഗനാഥനെതിരെയും നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | 17 | ,, | ശ്രീ.അയ്യപ്പനിൽ നിന്നും തുക ഈടാക്കുവാൻ മലപ്പുറം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്കു നിർദ്ദേശം നല്കുന്നതിനും ശ്രീ. അയ്യപ്പനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനുള്ള സമിതി നിർദ്ദേശത്തിന്മേൽ ഭരണ വകുപ്പു സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 3. | 21 | ബെള്ളൂർ ഗ്രാമപഞ്ചായത്ത് | ഒരു ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സമിതിയിൽ കൃത്യമായ മറുപടി നല്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പുതലത്തിൽ പുറപ്പെടുവിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |
| 4. | 24 | ,, | പഞ്ചായത്തിൽ നിന്നും മുൻകൂർ നല്കിയ തുക പലിശ സഹിതം തിരികെ ഈടാക്കിയത് മാതൃകാപരമായ നടപടിയാണെന്നും തിരികെ ലഭിക്കാനുള്ള തുക ഈടാക്കുന്നതിൽ മറ്റു പഞ്ചായത്തുകൾ ശുഷ്കാന്തിയോടെ പ്രവർത്തിക്കുന്നതിന് ബെള്ളൂർ പഞ്ചായത്ത് പ്രചോദനമാകണമെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 5. | 27 | പടന്ന ഗ്രാമപഞ്ചായത്ത് | ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു. |
| 6. | 34 | മടിക്കൈ ഗ്രാമപഞ്ചായത്ത് | 23-3-2006-ലെ ജി.ഒ.(ആർ.ടി)809/06/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം പരാമർശ വിഷയമായ തുകയ്ക്ക് സാധൂകരണം നല്കിയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 7. | 37 | പള്ളിക്കര ഗ്രാമപഞ്ചായത്ത് | പഞ്ചായത്തിന്റെ പ്രമേയം ഉൾപ്പെടെയുള്ള എല്ലാ രേഖകളും സഹിതം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിലേക്ക് അയച്ച് സാധൂകരണം വാങ്ങി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 8. | 42 | ,, | ഇതു സംബന്ധിച്ച.2.5 പൂർണ്ണ വിവരങ്ങളടങ്ങിയ റിപ്പോർട്ടും ഫയലുകളും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകി ഓഡിറ്റ് തടസ്സം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 9. | 47 | ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് | ഓഡിറ്റിൽ പരാമർശിക്കപ്പെടുന്ന ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക പലിശ സഹിതം ഈടാക്കുന്നതിൽ ഭരണ വകുപ്പ് അക്ഷന്തവ്യമായ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അലംഭാവമാണ് കാണിക്കുന്നത്. തുക അടക്കേണ്ട സെക്രട്ടറിക്കെതിരെ കാലാകാലങ്ങളിൽ നടപടിയെടുക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാം, പണം അടപ്പിക്കാൻ സ്വീകരിച്ചിരുന്ന നടപടികൾ എന്തെല്ലാം എന്നീ കാര്യങ്ങൾ സംബന്ധിച്ചും 3 മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാമെന്ന് സമിതിയിൽ ഉറപ്പു നൽകിയ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറും മറ്റുദ്യോഗസ്ഥരോടൊപ്പം കൃത്യവിലോപമാണ് കാണിച്ചിട്ടുള്ളത്. ഇവർക്കെതിരെ ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും തുക അടയ്ക്കാനുള്ള സെക്രട്ടറിയിൽ നിന്നും തുക വസൂലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 10. | 50 | ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയ മുൻ സെക്രട്ടറി ശ്രീ.ഏണസ്റ്റിൽ നിന്നും തുക പിഴപ്പലിശ ഉൾപ്പെടെ അടിയന്തിരമായി ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | 51 | ,, | മുൻ പഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | 52 | ,, | പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക ഈടാക്കി മൂന്നു മാസത്തിനുള്ളിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ 25-11-2004-ലെ സമിതി യോഗം പഞ്ചായത്ത് ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നെങ്കിലും നാളിതുവരെയും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച വിശദീകരണം പഞ്ചായത്ത് ജോയിന്റ് ഡയറക്ടറിൽ നിന്നും ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 11. | 57 | ,, | സർക്കാർ ഉത്തരവുപ്രകാരം കയർ പിരി യന്ത്രങ്ങൾ കയർ സഹകരണ സംഘത്തിനു കൈമാറിയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 12. | 63 | പീലിക്കോട് ഗ്രാമപഞ്ചായത്ത് | അതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 13. | 71 | ഈസ്റ്റ്-എളേളരി ഗ്രാമപഞ്ചായത്ത് | പഞ്ചായത്തുകൾ പദ്ധതികളേറ്റെടുത്തു നടത്തുമ്പോൾ അതുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുവാനും ഓഡിറ്റിന്റെ പരിശോധനയ്ക്ക് കൃത്യസമയത്ത് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കണമെന്നും ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| ,, | 72 | ,, | ഓഡിറ്റ് പരാമർശത്തിന്മേൽ യഥാസമയം മറുപടി കൊടുക്കാതിരിക്കുകയും സമിതിയുടെ തെളിവെടുപ്പിനായുള്ള അറിയിപ്പ് കിട്ടിയപ്പോൾ മാത്രം ബന്ധപ്പെട്ട രേഖകൾ അന്വേഷിക്കുകയും ചെയ്ത നടപടി തികഞ്ഞ ഉത്തരവാദിത്വം ഇല്ലായ്മയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നിശ്ചിത കാലാവധിക്കുള്ളിൽ മറുപടി നല്കുവാൻ നടപടി സ്വീകരിക്കേണ്ടതാണെന്നും ഇതു സംബന്ധിച്ച് ഭരണ വകുപ്പ് കാലാകാലങ്ങളിൽ പരിശോധന നടത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനപരിശോധനയിൽ തീർപ്പാക്കിയതിനാൽ ഓഡിറ്റ് തടസം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 14. | 81 | കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് | ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനയിൽ നല്കിയിട്ടില്ലാത്ത അനുബന്ധ രേഖകൾ കൂടി എത്രയുംവേഗം ഹാജരാക്കുവാനും ഇല്ലാത്ത പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പലിശയടക്കം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | 82 | | 3-2-1999-ൽ ട്രഷറിയിൽ അടച്ച തുക പാസ് ബുക്കിൽ വരവ് വച്ചിട്ടില്ലായെന്നത് സംബന്ധിച്ച് ഓഡിറ്റ് പരാമർശമുണ്ടായിട്ടും സമിതി തെളിവെടുപ്പു നടത്തിയതിനു ശേഷം 3-12-2004 ലും, പ്രസ്തുത തുക വരവ് വയ്ക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നത് സമിതി വളരെ ഗൗരവമായി കാണുന്നു. ഇത്രയും കാലം ഇതിന്മേൽ വേണ്ട നടപടികൾ സ്വീകരിക്കാതിരുന്ന സെക്രട്ടറിമാരായിരുന്ന<br>1. ഇ. കെ. രാമകൃഷ്ണൻ 3-2-1999 മുതൽ 17-4-2000 വരെ<br>2. പി. ജെ. വർഗ്ഗീസ് 17-4-2000 മുതൽ 3-11-2000 വരെ<br>3. കെ. സി. രാജപ്പൻ 17-11-2000 മുതൽ 3-8-2001 വരെ<br>4. യു. എം. ബാലകൃഷ്ണൻ (അധിക ചുമതല) 18-8-2001 മുതൽ 25-9-2001 വരെ<br>5. റ്റി. ജി. ശിവദാസൻ നായർ (ഹെഡ് ക്ലാർക്ക്) 26-9-2001 മുതൽ 20-12-2001 വരെ<br>6. പി. കെ. ശിവരാജൻ 21-12-2001 മുതൽ 31-12-2003 വരെ<br>7. എ. യു. പ്രകാശ് 31-12-2003 മുതൽ 11-6-2004 വരെ<br>8. റ്റി. ജി. ശിവദാസൻ നായർ (ഹെഡ്ക്ലാർക്ക് ഇൻചാർജജ്) 11-6-2004 മുതൽ 19-7-2004 വരെ<br>9. റ്റി. റ്റി. സുരേന്ദ്രൻ 20-7-2004 മുതൽ 31-12-2004 വരെ<br>എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ടും അനന്തര നടപടികളും എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 15. | 87 | കുമ്പള ഗ്രാമപഞ്ചായത്ത് | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർചാർജ്ജ് നടപടിയുടെ ഇപ്പോഴത്തെയവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 16. | 90 | ,, | സർചാർജ്ജ് നോട്ടീസിന്മേൽ നടപടി സ്വീകരിച്ച് തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു. |
| 17. | 95 | പുത്തിഗൈ ഗ്രാമപഞ്ചായത്ത് | ഓഡിറ്റിൽ പരാമർശിക്കപ്പെട്ട കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ.പി.വി.പാപ്പനെതിരെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | 96 | ,, | സമിതി ആവശ്യപ്പെട്ട വിവരങ്ങളും ഓഡിറ്റിന്റെ ഇപ്പോഴത്തെയവസ്ഥയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | 97 | ,, | ഓഡിറ്റ് പരാമർശങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഭരണ വകുപ്പ് തുടർ നടപടികൾ സമയ ബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു |
| 18. | 100 | ,, | ഗ്രാമപഞ്ചായത്തിലെ പദ്ധതികളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിനായി ഫയലുകൾ കൈമാറുമ്പോൾ ഫയലിന്റെ പകർപ്പ് നിർബന്ധമായും പഞ്ചായത്തുകളിൽ സൂക്ഷിച്ചിരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | 101 | പുത്തിഗൈ ഗ്രാമപഞ്ചായത്ത് | പഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരികെ ലഭിക്കുന്നതിനും ആരോപണ വിധേയർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ വിജിലൻസ് വകുപ്പിന് നിർദ്ദേശം നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | 102 | ,, | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഇപ്പോഴത്തെയവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു |
| 19 | 106 | ,, | ഓഡിറ്റ് പരാമർശത്തിന് 16-1-2006-ലെ ജി.ഒ.(ആർ.റ്റി) 144/2004/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം സാധൂകരണം ലഭിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |